**KOTTAYAM PUBLIC LIBRARY**

Call No. MF9 3UB-P Acc. No. 3995

Author [illegible]

Title [illegible]

No. 3995

# PURANIC STORIES

## PART II.

(Approved by the Madras, Travancore & Cochin Text Book Committees).

BY

**P. S. Subbarama Pattar,**

Author of Puranic Stories Parts I and III, Historical Stories, Satheecharitham, Veeracharitham, Aryacharitham, Gouri & Seetha, Ranjit Singh, Sakuntala.

EDITED BY

**P. S. Ananthanarayana Sastry,**

*Sanskrit Lecturer, Maharajah's College, Ernakulam.*

---

# പുരാണകഥകൾ

(രണ്ടാംഭാഗം)

ഗ്രന്ഥകൎത്താവു്:

പി. എസ്സ്. സുബ്ബരാമപട്ടർ.

പ്രസാധകൻ:

പി. എസ്സ്. അനന്തനാരായണശാസ്ത്രി.

FIFTH EDITION.

TRICHUR,

V. SUNDRA IYER & SONS.

1110—1934.

Price 6 As.]    Copyright to Publishers.    [വില ൬ ണ.

THE KOTTAYAM PUBLIC LIBRARY KOTTAYAM TRAVANCORE

NATIONAL BOOK STALL KOTTAYAM KALARIKAL BAZAAR

0-9-0

# മുഖവുര.

വാസനകൊണ്ട് ഉണ്ടാകുന്നതും അഭ്യാസംകൊണ്ടു വളരുന്നതുമായ ധർമ്മശ്രദ്ധയ്ക്കു വയസ്സിലുള്ള വ്യത്യാസത്തെയോ ജാതിയിലുള്ള ഭേദത്തേയോ അനുസരിച്ച് ഏററക്കുറച്ചൽ ഉണ്ടാകുന്നതല്ലെന്നു പുരാണകർത്താവായ സത്യവതീസുതൻ പല കഥകൾകൊണ്ടും സ്പഷ്ടമാക്കീട്ടുണ്ട്. അവയിൽ രണ്ടെണ്ണമാണ് ബാലനായ ഉപമന്യുവിന്റേയും നീചകുലജാതനായ ഏകലവ്യന്റേയും ചരിത്രങ്ങൾ.

ധർമ്മത്തിന്റെ പൂർണ്ണബോധം അധർമ്മത്തിന്റെ സ്വരൂപജ്ഞാനത്തെക്കൂടി ആശ്രയിച്ചാണിരിക്കുന്നത്. അതുകൊണ്ടാണു പുരാണങ്ങളിൽ ധർമ്മത്തിന്റേയെന്നപോലെ അധർമ്മത്തിന്റേയും ഉദാഹരണങ്ങൾ കൊടുത്തുകാണുന്നത്. കർമ്മഭ്രഷ്ടരായ ബ്രാഹ്മണരിലൊരുത്തനായ ഗൗതമന്റേയു, ധർമ്മഭ്രഷ്ടരായ ക്ഷത്രിയരിലൊരുവനായ പരീക്ഷിത്തിന്റേയും കഥകൾ ദുരാചാരത്തിന്റെ ദൃഷ്ടാന്തങ്ങളാണെങ്കിലും സദാചാരത്തിന്റെ സ്വരൂപം മനസ്സിലാക്കുവാൻ ഉപകരിക്കുന്നവയാണ്.

ബാലവിദ്യാർത്ഥികൾക്കു വിനോദപ്രദമായ രീതിയിൽ ധർമ്മബോധം ഉളവാക്കുവാനായി എഴുതീട്ടുള്ള ഈ പുസ്തകത്തിൽ അടങ്ങിയ ആറു കഥകളും 'അഞ്ചാം വേദം' എന്നുകൂടി പറയാറുള്ള മഹാഭാരതത്തിൽനിന്നു് എടുത്തവയാണു. അവയെ ഭാഷപ്പെടുത്തുമ്പോൾ, പുസ്തകത്തിന്റെ ഉദ്ദേശത്തെ അനുസരിച്ച്, ആവശ്യമുള്ളതു കൂട്ടിച്ചേർക്കുകയും വേണ്ടാത്തതു വിട്ടുകളയുകയും ചെയ്തിട്ടുണ്ട്.

തൃശ്ശിവപേരൂർ,
15-12-103.

പി. എസ്സ്. സുബ്ബരാമപട്ടർ.

# വിഷയാനുക്രമണിക.


1. ഉപമന്യുവിന്റെ ഗുരുഭക്തി ... ... 1

2. ഏകലവ്യന്റെ ഗുരുദക്ഷിണ ... ... 18

3. ശിബിയുടെ ശരണാഗതത്രാണനം ... ... 28

4. ച്യവനന്റെ സ്നേഹം ... ... 34

5. പരീക്ഷിത്തിന്റെ അവിവേകം ... ... 41

6. ഗൌതമന്റെ കൃതഘ്നത ... 53

# പുരാണകഥകൾ

## (രണ്ടാംഭാഗം)

### 1. ഉപമന്യുവിന്റെ ഗുരുഭക്തി.

പുരാതനകാലത്തു ഭാരതവർഷത്തിൽ അനേകം ജനങ്ങൾ അരണ്യങ്ങളിലാണു വസിച്ചിരുന്നത്. നാട്ടുകളിലും നഗരങ്ങളിലും പാർക്കുവാൻ സൌകര്യം ഇല്ലാത്തിട്ടല്ല അവർ കാട്ടുകളിലേയ്ക്കു കയറി കുടികൊണ്ടിരുന്നത്. ജനങ്ങൾ നിറഞ്ഞ പട്ടണങ്ങൾ തങ്ങളുടെ ജീവിതസമ്പ്രദായത്തിന്നും പ്രവൃത്തികൾക്കും പററുന്നവയല്ലെന്നു നിശ്ചയിച്ചിട്ടാണ് അവർ അപ്രകാരം ആരണ്യനിവാസികളായിത്തീർന്നത്.

തൊഴിലാളികൾ തിങ്ങിത്താമസിക്കുന്ന സ്ഥലം തപസ്വികൾക്കു വസിപ്പാൻ നന്നല്ലല്ലോ. അതിനാൽ, ഈശ്വരനെ എല്ലായ്പോഴും ആരാധിച്ചുകൊണ്ടും ലോകതത്വത്തെപ്പററി ചിന്തിച്ചുകൊണ്ടും കാലം കഴിച്ചുകൂട്ടുവാൻ ആഗ്രഹിച്ചിരുന്നവരെല്ലാം പ്രശാന്തവും വിജനവുമായ വനത്തെ വാസസ്ഥലമായി തിരഞ്ഞെടുത്തു. എന്നാൽ അപ്രകാരം അരണ്യവാസം തുടങ്ങിയ താപസജനത്തിന്റെ ആകത്തുകയും അക്കാലത്ത് ഏററെ ചെറിയതായിരുന്നില്ല.

ആരണ്യകന്മാരായ താപസന്മാർ മനുഷ്യരുമായുള്ള പെരുമാററംകുറച്ച് ഒതുങ്ങിപ്പാർത്തിരുന്നുവെങ്കിലും ലോക

ബന്ധത്തോടുള്ള ബന്ധത്തെ തീരെ വേർപെടുത്തിയിരു
ന്നില്ല. മററുള്ളവരുടെ സഹായമൊന്നും തങ്ങൾക്ക് ആവ
ശ്യമില്ലെങ്കിലും അവൎക്കു വേണ്ടുന്ന എന്തുപകാരവും കഴി
യുന്നവണ്ണം ചെയ്യാൻ എല്ലായ്പോഴും ഒരുങ്ങിയിരുന്ന താപ
സന്മാർ അവരുടെ ആയുസ്സിലൊരംശം ലോകാനുഗ്രഹത്തി
ന്നായി വിനിയോഗിച്ചിരുന്നു എന്നുതന്നെ പറയാം. തപ
സ്സുചെയ്യാനും ആത്മതത്വം ആരാഞ്ഞറിയുവാനുമായി
നീക്കിവെച്ചിട്ടുള്ള സ്വജീവിതം മുഴുവനും ലോകഗുണത്തി
ന്നായി ഉപയോഗിച്ച പുണ്യപുരുഷന്മാരും അവരുടെയിട
യിൽ അനേകം ഉണ്ടായിരുന്നു.

ജീവിതത്തിലുള്ള സുഖങ്ങളെല്ലാം ഉപേക്ഷിച്ച്
ഏകാന്തവാസം കൈക്കൊണ്ട അവർ ജ്ഞാനത്തിലാണു
മററുള്ളവരേക്കാൾ മുമ്പിട്ടുനിന്നിരുന്നത്. അതിനാൽ
അവർ ജ്ഞാനപ്രദാനത്തിലാണു ലോകത്തിന്നു നന്മ നല്കി
യിരുന്നത്. അവർ ലോകരുടെ ആചാൎയ്യസ്ഥാനം വഹിച്ചു
ശാസ്ത്രതത്വങ്ങളെ ഉപദേശിക്കുകയും വിവിധങ്ങളായ
കലാവിദ്യകളെ അഭ്യസിപ്പിക്കുകയും ചെയ്തിരുന്നു. ചുരു
ക്കിപ്പറയുന്നതായാൽ ആ ആരണ്യകന്മാരുടെ ആശ്രമ
ങ്ങൾ പട്ടണവാസികളായ ജനങ്ങൾക്കു പാഠശാലകളാ
യിരുന്നു എന്നുവേണം പറയുവാൻ. അകലെയുള്ള പട്ട
ണത്തിൽ പാൎക്കുന്ന ജനങ്ങൾപോലും കുട്ടികളെ വിദ്യാ
ഭ്യാസത്തിന്നായി മുനിജനങ്ങളുടെ അടുക്കലേയ്ക്കു പറഞ്ഞ
യക്കുന്നതും മുനിമാർ അവരെ പുത്രവാത്സല്യത്തോടെ പരി
പാലിച്ചു പഠിപ്പിക്കുന്നതും അക്കാലത്തു സാധാരണയായി
രുന്നു. മാൻതോലും മേഖലയും ധരിച്ചു വേദശാസ്ത്രങ്ങളെ
അദ്ധ്യയനംചെയ്യുന്ന ബ്രഹ്മചാരികളുടെ കൂട്ടത്തിൽ ധനു

ർവ്വേദരഹസ്യം ഗ്രഹിക്കുന്ന ക്ഷത്രിയബാലന്മാരെ കാണു ന്നതു് ഒട്ടും അസാധാരണമായിരുന്നതുമില്ല.

നാഗരികന്മാർപോലും ആരണ്യകന്മാരുടെ അന്തേ വാസികളായി അദ്ധ്യയനം ചെയ്തിരുന്ന ആ നല്ല കാലത്തു ധൌമ്യൻ എന്നു പേരായ ഒരു ഋഷി ഒരു വനത്തിൽ വസിച്ചു തപസ്സുചെയ്തുകൊണ്ടിരുന്നു. അദ്ദേഹം വലിയ ജ്ഞാനിയായിരുന്നതുകൊണ്ടു നാനാപ്രദേശങ്ങളിൽനിന്നു് അസംഖ്യം ജനങ്ങൾ പലതും പഠിപ്പാനായി അദ്ദേഹ ത്തിന്റെ ആശ്രമത്തിൽ ചെന്നു പാർത്തിരുന്നു. അവരിൽ ചിലർ ദീർഘകാലം വിദ്യാഭ്യാസംചെയ്തു സ്വഗൃഹങ്ങളി ലേയ്ക്കു മടങ്ങിപ്പോവുകയും മററു ചിലർ തപസ്വികളായി ചമഞ്ഞു്, അവിടത്തന്നെ വസിക്കുകയും ചെയ്തു. അങ്ങനെ വലിയ ശിഷ്യവർഗ്ഗത്തോടുകൂടി വനാന്തഭാഗത്തിലൊരു പർണ്ണശാലയിൽ പാർത്തിരുന്ന ധൌമ്യന്റെ ശിഷ്യസ മ്പത്തു പ്രതിദിനം വർദ്ധിക്കയും അദ്ദേഹത്തെ അകലെയുള്ള രാജാക്കന്മാർ കൂടി ആദരപൂർവ്വം പ്രശംസിക്കുകയും ചെയ്തു.

നാനാദേശങ്ങളിൽനിന്നും പഠിക്കുവാനായി പർണ്ണ ശാലയിലേയ്ക്കു പോയിരുന്ന കുട്ടികളുടെ കൂട്ടത്തിൽ ഉപ മന്യു എന്നു പേരോടുകൂടിയ ഒരു ബാലൻ ഉണ്ടായിരുന്നു. ഉപനയനം കഴിഞ്ഞു് അദ്ധ്യയനം തുടങ്ങുവാനായി ആശ്ര മത്തിലേക്കു പുറപ്പെട്ടപ്പോൾ അവനു് എട്ടുവയസ്സു പ്രായമേ ആയിരുന്നുള്ളു. അതേവരെ പട്ടണത്തിൽ വളൎന്ന വനായിരുന്നെങ്കിലും അവൻ പർണ്ണശാല കാണാത്തവ നായിരുന്നില്ല. മുമ്പൊരിക്കൽ അവന്റെ അച്ഛൻ ധൌമ്യ മുനിയെ വന്ദിപ്പാനായി ആശ്രമത്തിലേയ്ക്കു പോയിരുന്ന അവസരത്തിൽ അവനേയും ഒരുമിച്ചു കൂട്ടിക്കൊണ്ടുപോ

യിരുന്നു. അന്നുതന്നെ ഉപമന്യുവിന്നു് ആശ്രമത്തിൽ പാൎത്തു പഠിപ്പാനുള്ള ആഗ്രഹം ഉണ്ടായിരുന്നു. എങ്കിലും ഉപനയനം കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടു അവന്നു് അപ്പോൾ സ്വഗൃഹത്തിലേക്കുതന്നെ മടങ്ങിപ്പോകേണ്ടി വന്നു. ഉപനയനം കഴിഞ്ഞ ഉടനെ അവൻെറ പിതാവു് അവനെ ആശ്രമത്തിലേക്കു കൂട്ടിക്കൊണ്ടുപോയി മുനിയുടെ കൈവശം ഏല്പിച്ചു. വളരെ നാളായി മോഹിച്ചിരുന്ന കാൎയ്യം സാധിച്ചപ്പോൾ ഉപമന്യുവിന്നു വീട്ടുവിട്ടു പോകുവാനും കൂടി വ്യസനമുണ്ടായില്ല.

ഉപമന്യുവിന്നു ഗുരുഗൃഹം സ്വഗൃഹത്തെക്കാൾ അധികം സുഖപ്രദമായിരുന്നു. പുത്രനിൎവ്വിശേഷം സ്നേഹിക്കുന്ന മുനിജനങ്ങളുടെ മേൽനോട്ടത്തോടുകൂടി വളൎന്നിരുന്ന ആ ബാലകന്നു് ആശ്രമത്തിലെ വിദ്യാഭ്യാസവും വിനോദങ്ങളും രണ്ടും ഒരുപോലെ ഹൃദ്യങ്ങളായി തോന്നി. സഹോദരതുല്യന്മാരായ സഹപാഠികളോടുകൂടി ബ്രഹ്മചാരികൾക്കു വിധിക്കപ്പെട്ടിട്ടുള്ള നിയമങ്ങളെ ശ്രദ്ധാപൂൎവ്വം അനുഷ്ഠിച്ചുംകൊണ്ടു വേദശാസ്ത്രാദികളെ അദ്ധ്യയനം ചെയ്തിരുന്ന ആ ബ്രഹ്മചാരി അല്പകാലംകൊണ്ടു സതീൎത്ഥ്യന്മാൎക്കെല്ലാം ദൃഷ്ടാന്തഭൂതനായ ഒരു വിദ്യാൎത്ഥിയായിത്തീൎന്നു. അതു കണ്ടു സന്തോഷിച്ച വൃദ്ധതാപസന്മാർ പൂജ്യതമനായ ധൌമ്യൻെറ ഉത്തമശിഷ്യനായ ഉപമന്യുവിനെ 'ബാലൎഷി' എന്ന ഓമനപ്പേർകൊണ്ടാണു വിളിച്ചുവന്നിരുന്നതു്.

നിയമാനുഷ്ഠാനം, വിദ്യാദ്ധ്യയനം എന്നീ കാൎയ്യങ്ങളിൽ ഉപമന്യുവിന്നു് അത്യധികമായ ശ്രദ്ധ ഉണ്ടായിരുന്നുവെങ്കിലും അവൻ വിനോദങ്ങളിൽ തീരെ താല്പൎയ്യമില്ലാ

ത്തവനായിരുന്നില്ല. മഴക്കാലത്തു വെള്ളം നിറഞ്ഞൊഴുകുന്ന മലയാററിൽ നീന്തുക, വേനല്ക്കാലത്തു മൈതാനംപോലെ പരന്നുകിടക്കുന്ന മണൽത്തിട്ടിൽ മത്സരിച്ചോടുക മുതലായ കളികളിൽ അവൻ മററുള്ള കുട്ടികളേക്കാൾ ഒട്ടും ഉത്സാഹം കുറഞ്ഞവൻ ആയിരുന്നില്ല. പക്ഷേ, ആശ്രമത്തിന്നടുത്തുള്ള കാടുകളിൽ ചെന്നു ചമത, കായ്ക്കനികൾ മുതലായ പദാർത്ഥങ്ങൾ ശേഖരിച്ചുകൊണ്ടു വരുന്നതു് അവന്നു് അതിലുമധികം ഇഷ്ടമുള്ള ഒരു വിനോദം തന്നെയായിരുന്നു. വരിനെല്ലു കൃഷിചെയ്യുക, പശുക്കളെ നോക്കുക മുതലായ പ്രവൃത്തികളേയും അവൻ വിനോദമായിട്ടു തന്നെയാണു വിചാരിച്ചിരുന്നതു്. എന്തുകാര്യമായാലും സ്വേച്ഛപോലെ ചെയ്തുകൊള്ളുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നതുകൊണ്ടു പ്രയത്നസാദ്ധ്യങ്ങളായ പ്രവൃത്തികൾ കൂടി വിശ്രമപ്രദങ്ങളായ വിനോദങ്ങളായി അവന്നു തോന്നിയിരുന്നു; അറിഞ്ഞുകൂടാത്തതു സ്നേഹത്തോടെ പറഞ്ഞുകൊടുപ്പാൻ ആളുകൾ ധാരാളം ഉണ്ടായിരുന്നതുകൊണ്ടു കഠിനങ്ങളായ പണികൾപോലും എളുപ്പമുള്ളവയായിത്തീരുകയും ചെയ്തു.

എന്നാൽ ഉപമന്യുവിന്നു് എല്ലാററിലും വെച്ചു് ഇഷ്ടമേറിയ പ്രവൃത്തി ഗുരുശുശ്രൂഷയായിരുന്നു. പിതാവിനേക്കാൾ പൂജ്യതരനായ ആചാര്യന്റെ ആജ്ഞകളെ അനുസരിപ്പാൻ അവൻ എല്ലായ്പോഴും സന്നദ്ധനായിരുന്നു. ദേവതാരാധനം, അതിഥിസല്ക്കാരം മുതലായ കൃത്യങ്ങളിൽ ആചാര്യന്നു വേണ്ടിവരുന്ന സഹായങ്ങൾ ചെയ്യുന്നതിൽ അവന്നുണ്ടായിരുന്ന ഭക്തിശ്രദ്ധകളും വിവേകവും അസാധാരണമായിരുന്നു. അതുനിമിത്തം അവൻ ധൌമ്യമഹ

ഷിയുടെ പ്രത്യേകപ്രീതിക്കും വാത്സല്യത്തിന്നും പാത്രമായി ത്തീൎന്നു. ജ്ഞാനലാഭത്തേക്കാൾ ഗുരുപ്രസാദത്തെ ഗുരുത രമായി ഗണിച്ചിരുന്ന ഉപമന്യു അത്രമാത്രം കൊണ്ടുതന്നെ ചരിതാൎത്ഥനാവുകയും ചെയ്തു.

ഇപ്രകാരം നിയമാനുഷ്ഠാനങ്ങളിൽ നിഷ്ഠയോടും അദ്ധ്യ യനത്തിൽ ആസക്തിയോടും ഗുരുശുശ്രൂഷണത്തിൽ ശ്രദ്ധ യോടുംകൂടി ഉപമന്യു ധൌമ്യാശ്രമത്തിൽ ബ്രഹ്മചൎയ്യമെന്ന പ്രഥമാശ്രമത്തെ വേണ്ടപോലെ കഴിച്ചുകൂട്ടിക്കൊണ്ടി രിക്കേ ഒരു നാൾ ശിഷ്യവത്സലനായ ധൌമ്യമഹഷി ഇങ്ങനെ ആലോചിച്ചു 'ഉപമന്യു മററെല്ലാവരേക്കാളും അധികം ഗുരുഭക്തിയുള്ളവനാണെന്നു തോന്നുന്നു. അവനു് എന്നിലുള്ള ഭക്തി എത്രത്തോളം അചഞ്ചലമാണെന്നു് എനിക്കൊന്നു പരിക്ഷിച്ചുനോക്കണം.

ഇങ്ങനെ മനസ്സുകൊണ്ടു് ഉറച്ചു ധൌമ്യൻ പ്രിയശി ഷ്യനായ ഉപമന്യുവിനെ അരികെ വിളിച്ചുവരുത്തി പറ ഞ്ഞു—'വത്സ! നാളേ മുതൽ നാലഞ്ചുദിവസം പശുക്കളെ തീററുവാൻ നീ പോവുക. ദിവസംതോറും അവയെ പുല്ലു ധാരാളമുള്ള പ്രദേശങ്ങളിൽ കൊണ്ടുപോയി നന്നായി തീററിക്കൊണ്ടുവരണം.'

ഉപമന്യു ആചാൎയ്യൻെറ ആജ്ഞയെ ശിരസാവഹിച്ചു പിറേറന്നാൾ പുലച്ചയ്ക്കു് ആശ്രമത്തിലുള്ള പശുക്കളെ യെല്ലാം കറന്ന ഉടനേതന്നേ തെളിച്ചുംകൊണ്ടു കാട്ടിലേയ്ക്കു പുറപ്പെട്ടു. ആ ബാലകന്നു പശുക്കളെ നോക്കുന്ന പ്രവൃ ത്തി വളരെ ഇഷ്ടമുള്ളതായിരുന്നു. അതിന്നായി ആചാ ൎയ്യൻ അവനെ നിയോഗിക്കുകയുംകൂടി ചെയ്തപ്പോൾ അവൻെറ സന്തോഷം അതിരില്ലാത്തതായി. അവൻ

തന്നിക്കു സഹായത്തിന്നായി വേറെ വല്ല കുട്ടികളേയുംകൂടെ അയച്ചുതരേണമെന്നു ഗുരുവിനോടു അപേക്ഷിക്കപോലും ചെയ്തില്ല. അരുണോദയത്തിന്നുമുമ്പായി കുളിച്ച് അഗ്നിയെ ഉപാസിച്ചു പ്രാതൽപോലും കഴിക്കാതെ അവൻ പശുക്കളുടെ പിന്നാലെ പുറത്തേക്കിറങ്ങിയപ്പോൾ പ്രഭാതകർമ്മങ്ങളെല്ലാം കഴിഞ്ഞു പാഠം തുടങ്ങുവാൻ തയ്യാറായിരിക്കുന്ന ശിഷ്യന്മാരുടെ നടുവിൽ ദർഭാസനോപവിഷ്ടനായിരുന്ന ധൌമ്യൻ അവനോടു പറഞ്ഞു, 'ഉണ്ണി! നീപശുക്കളെ തീററി വൈകുന്നേരം മടങ്ങിവന്നാൽ മതി.'

ഉപമന്യുവിൻെറ മനസ്സിനെ കുറച്ചൊന്നു ദുഃഖിപ്പിച്ചതു് അന്നു രാവിലത്തെ പാഠം അവന്നു നഷ്ടമായല്ലോ എന്നുള്ള വിചാരം മാത്രമായിരുന്നു. ഗുരുകാരുണ്യമുണ്ടെങ്കിൽ അതും സാരമില്ലെന്നുറച്ച് ഉപമന്യു ഉത്സാഹത്തോടുകൂടി വനാന്തരത്തിലേക്കു നടന്നുതുടങ്ങി. അവൻ പശുക്കളെ കുറേ ദൂരം ആട്ടിത്തെളിച്ചുകൊണ്ടുപോയി അവയെ പച്ചപ്പുല്ലു പടൎന്നുവളൎന്ന ഒരു പറമ്പിൽ മേയുവാൻ നിൎത്തി.

നേരം ഉച്ചയാകുന്നതുവരെ ഉപമന്യു ഉത്സാഹത്തോടുകൂടി പശുക്കളെ നോക്കിക്കൊണ്ടു നിന്നു. ഉച്ചയായതോടുകൂടി അവന്നു കലശലായ വിശപ്പുതുടങ്ങി. എങ്കിലും മേഞ്ഞുകൊണ്ടിരിക്കുന്ന പശുക്കളെ കാട്ടിൽ വിട്ടുപോകുന്നതു ഗുൎവ്വാജ്ഞാലംഘനമാകയാൽ ധൌമ്യാശ്രമത്തിൽ പോയി ഭക്ഷണം കഴിപ്പാൻ അവർ ആലോചിച്ചതേ ഇല്ല. പക്ഷെ വൈകുന്നേരംവരെ പട്ടിണി കിടക്കുവാൻ അവന്നും ശക്തിയുണ്ടായിരുന്നില്ല. അതുകൊണ്ടു് അവൻ ആ പ്രദേശത്തുണ്ടായിരുന്ന ചില പൎണ്ണശാലകളിൽ

ചെന്നു ഭിക്ഷാടനം ചെയ്തു ഭക്ഷണം കഴിക്കാമെന്നു തീച്ച്പ്പെട്ടത്തി. പകുതി വിശപ്പു മാറിയ പശുക്കളെ മരത്തണലുള്ള ഒരു സ്ഥലത്തു കൊണ്ടുപോയി നിത്തിയശേഷം വിശന്നു വലഞ്ഞ ആ ബാലകൻ മാദ്ധ്യാഹ്നികകമ്മങ്ങൾ ശരിയായി നടത്തി അടുക്കെ ഉണ്ടായിരുന്ന പണ്ണശാലകളിലേയ്ക്കു നടന്നു.

അക്കാലത്തു ബ്രഹ്മചാരികൾ ഭിക്ഷാടനം ചെയ്യുന്നതു സാധാരണ സമ്പ്രദായമായിരുന്നു. ധനികന്മാരുടെ പുത്രന്മാർപോലും സ്വഗൃഹത്തിൽ പാക്കുമ്പോഴുംകൂടി ഭിക്ഷാടനം ചെയ്യുന്നതു് ഒട്ടും അസാധാരണമായിരുന്നില്ല. വേദാദ്ധ്യയനം ചെയ്തുകൊണ്ടു ഗുരുഗൃഹത്തിൽ വസിക്കുന്ന കാലത്തിൽ ഭിക്ഷാടനം ചെയ്യുന്നതു ബ്രഹ്മചാരികളുടെ ധർമ്മമായിട്ടാണു ഗണിക്കപ്പെട്ടിരുന്നതു്. അപ്രകാരം ഭിക്ഷാടനം ചെയ്യുന്ന ബ്രഹ്മചാരികൾക്കു ഭിക്ഷാപ്രദാനം ചെയ്യുന്ന കൃത്യത്തെ ഗൃഹസ്ഥന്മാർ അവരുടെ നിത്യകമ്മങ്ങളിലൊന്നായി വിചാരിച്ചുവരികയും ചെയ്തിരുന്നു.

ഭക്ഷണം കഴിച്ചു് ഉപമന്യു രണ്ടാമതും പശുക്കളെ മേയ്ക്കുവാനായി പുറപ്പെട്ടു. വൈകുന്നേരംവരെ അവൻ അവയെ കാട്ടിൽ നിത്തി നോക്കിക്കൊണ്ടിരുന്നു. സന്ധ്യാസമയം അടുത്തപ്പോൾ അവൻ പശുക്കളെയെല്ലാം തെളിച്ചുകൊണ്ടു് ആശ്രമത്തിലേയ്ക്കു മടങ്ങി. അപ്പോൾ ആചാര്യനായ ധൌമ്യൻ ശിഷ്യന്മാരോടു കൂടി സന്ധ്യാവന്ദനം ചെയ്വാനായി നദീതീരത്തിലേയ്ക്കു പോവുകയായിരുന്നു. തന്റെ ആജ്ഞയെ ലേശംപോലും വീഴ്ചകൂടാതെ നടത്തിയ പ്രിയ ശിഷ്യൻ നേരിട്ടുവരുന്നതു് അകലെ നിന്നു കണ്ടപ്പോൾ ധൌമ്യന്റെ മനസ്സിലൊരു പ്രീതിയും മുഖത്തി

ലൊരു പുഞ്ചിരിയും ഒരേ ക്ഷണത്തിൽ ഉണ്ടായി. പക്ഷേ, ഉപമന്യു അടുത്തെത്തിയ ഉടനെ മുനിയുടെ മനോഭാവം മാറുകയും മുഖത്തിൽ സ്ഫുരിച്ച മന്ദഹാസം മായുകയും ചെയ്തു. അപ്രതീക്ഷിതമായ ഒരപരാധം കണ്ടു കോപം പൂണ്ടഭാവത്തോടുകൂടി മഹർഷി ആ ബാലനോടു ചോദിച്ചു:

ധൌമ്യൻ — ഉപമന്യോ! വൈകുന്നേരംവരെ പശുക്കളെ നോക്കിനില്ക്കണമെന്നല്ലേ ഞാൻ നിന്നോടു പറഞ്ഞിരുന്നതു? പകൽ മുഴുവനും പശുക്കളെ ശുശ്രൂഷിച്ചുംകൊണ്ടു നീ ഉപവസിക്കണമെന്നായിരുന്നു എൻെറ ഉദ്ദേശം. നിന്നെ കണ്ടാൽ ഉച്ചയ്ക്കു നല്ലവണ്ണം ഊണു കഴിച്ചതായി തോന്നുന്നുവല്ലോ. പശുക്കളെയെല്ലാം കാട്ടിൽ വിട്ടേച്ചു നീ എവിടെ പോയിട്ടാണു ഭക്ഷണം കഴിച്ചതു്?

ഉപമന്യു — പ്രഭോ! ഞാൻ അവിടുത്തെ ആജ്ഞയുടെ അർത്ഥം മുഴുവനും മനസ്സിലാക്കിയില്ല. ഉച്ചയ്ക്കു വെയിൽ ദുസ്സഹമായപ്പോൾ പശുക്കളെ മരത്തണലിൽ നിർത്തി ഞാൻ മുനിജനങ്ങളുടെ പർണ്ണശാലകളിൽചെന്നു ഭിക്ഷാടനം ചെയ്തു ഭക്ഷിക്കുകയാണുണ്ടായതു്.

ധൌമ്യൻ — നീ അപ്രകാരം ചെയ്തതു ലേശം നന്നായില്ല. ഇനി നീ ഭിക്ഷാടനം ചെയ്താൽ എന്നെ അറിയിക്കാതെ ഭക്ഷിക്കരുതു്.

'ഇല്ല' എന്നു പറഞ്ഞു് ഉപമന്യു പശുക്കളെ തൊഴുത്തിലേയ്ക്കു തെളിച്ചുകൊണ്ടുപോയി. ധൌമ്യൻ നദിയിൽ എത്തുന്നതിനു മുമ്പായി അവനും സന്ധ്യാസ്നാനത്തിനായി അവിടെയെത്തി. സന്ധ്യാകർമ്മങ്ങൾ കഴിച്ചു സതീർത്ഥ്യന്മാരൊരുമിച്ചു് ആശ്രമത്തിലേയ്ക്കു മടങ്ങിപ്പോകുമ്പോൾ

അവന്റെ ഹൃദയത്തിൽ അനേകം വിചാരങ്ങൾ നിറഞ്ഞിരുന്നു. 'കഷ്ടം! ഗുരു പറഞ്ഞതിന്റെ അൎത്ഥം ഗ്രഹിപ്പാൻ എനിക്കു ബുദ്ധിയില്ലാതായിപ്പോയല്ലോ. ഇതാണ് എന്റെ ആദ്യത്തെ അപരാധം. അതുകൊണ്ടാണ് ആചാൎയ്യൻ അതിനെ ക്ഷമിച്ചതും. ഇനിമേൽ ഈ മാതിരി അവിവേകം പററാതിരിപ്പാൻ ഞാൻ മനസ്സിരുത്തണം'. ഇപ്രകാരമുള്ള ചിന്തകളായിരുന്നു ആ ബാലന്റെ ചിത്തത്തെ ശല്യപ്പെടുത്തിയിരുന്നത്. ഗുരു, തന്നെ പരീക്ഷിപ്പാൻ തുടങ്ങിയ കഥ അവൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല.

ഉപമന്യു പിററന്നാൾ രാവിലെ എഴുന്നേററു പതിവുപ്രകാരം പ്രാതസ്സ്നാനവും പ്രഭാതകൎമ്മങ്ങളും നടത്തിയ ശേഷം പശുക്കളെ തെളിച്ചുംകൊണ്ടു കാട്ടിലേയ്ക്കു പുറപ്പെട്ടു. ഉച്ചയാകുന്നതുവരെ അവയെ നല്ലൊരു പ്രദേശത്തു നിൎത്തി നോക്കിക്കൊണ്ടിരുന്നശേഷം അവൻ ഭിക്ഷാടനം ചെയ്യാൻ പോയി. കിട്ടിയ ഭിക്ഷയുംകൊണ്ട് അവൻ ആശ്രമത്തിലേയ്ക്കു നടന്നു ഗുരുവിന്റെ മുമ്പിൽ ചെന്നു നിന്നു. ഗുരുവാകട്ടെ, അവന്റെ ഭിക്ഷാടനം മുഴുവനും വാങ്ങിവെച്ച് അവനെ നിരാഹാരനായിത്തന്നെ തിരിച്ചയച്ചു. ഉപാദ്ധ്യായൻ അപ്രകാരം ചെയ്തതിന്റെ ഉദ്ദേശം എന്താണെന്ന് അവന്നു മനസ്സിലായില്ല. അദ്ദേഹത്തിന്റെ അഭിപ്രായം അറിയാതെ അവിവേകമായി ഒന്നും ചെയ്തുപോകരുതെന്നുള്ള നിശ്ചയത്തോടുകൂടി അവൻ പിന്നേയും പശുപാലനത്തിന്നായി പുറപ്പെട്ടു. പക്ഷേ നിമിഷംതോറും വൎദ്ധിച്ചുകൊണ്ടിരുന്ന വിശപ്പിനെ അവന്ന് അധികനേരം സഹിച്ചിരിക്കുവാൻ കഴിഞ്ഞില്ല. അതു

കൊണ്ടു് അവൻ രണ്ടാമതും ഭിക്ഷാടനം ചെയ്തു കിട്ടിയതു ഭക്ഷിച്ചു.

അസ്തമനസമയം അടുത്തപ്പോൾ ഉപമന്യു പുല്ലുതിന്നു പള്ളനിറഞ്ഞ പശുക്കൂട്ടത്തോടുകൂടി ആശ്രമത്തിലേയ്ക്കു മടങ്ങി. അന്നും അവന്നു ലേശംപോലും ക്ഷീണം ഇല്ലാതിരുന്നതു കണ്ടാശ്ചര്യപ്പെട്ടു ധൌമ്യൻ അവനോടു ചോദിച്ചു.

ധൌമ്യൻ — വത്സാ, നിൻെറ ഭിക്ഷാന്നം മുഴുവനും ഇന്നു ഞാൻ എടുക്കുകയാണല്ലൊ ചെയ്തതു്. നിന്നെ കണ്ടാൽ നീ ഇന്നു പട്ടിണി കിടന്നതായി തോന്നുന്നതുമില്ല. നീ എന്താണു ഭക്ഷിച്ചതു്?

ഉപമന്യു ഗുരോ, എനിക്കു വിശപ്പു സഹിപ്പാൻ കഴിഞ്ഞില്ല. അതുകൊണ്ടു ഞാൻ രണ്ടാമതും ഭിക്ഷാടനം ചെയ്തു; കിട്ടിയതു ഭക്ഷിക്കയും ചെയ്തു.

ധൌമ്യൻ — ഉപമന്യോ, അതു ശരിയല്ല. ഭിക്ഷകൊണ്ടു തന്നെ ദിവസവൃത്തി കഴിച്ചുകൂട്ടുന്ന മററു വിദ്യാർത്ഥികൾ സന്യാസിമാർ മുതലായവരുടെ വൃത്തിമാർഗ്ഗത്തെക്കൂടി അടച്ചുകളയുകയാണു നീ ഇപ്പോൾ ചെയ്യുന്നതു്. ഇതു് ഒരു മുനിശിഷ്യന്നു യോജിച്ച സമ്പ്രദായമല്ല. നീ ഇപ്പോൾതന്നെ ഇങ്ങനെ തുടങ്ങിയാൽ കാലക്രമത്തിൽ വളരെ കേടുവന്നുപോകും.

'ഇനിമേൽ ഞാൻ അപ്രകാരം ചെയ്യുന്നതല്ല' എന്നു് വിനയപുരസ്സരം പറഞ്ഞു് ഉപമന്യു സായന്തനസ്നാനത്തിന്നു പോയി. അന്നു രാത്രിയും അവൻെറ ഹൃദയം വിഷാദവിഹ്വലമായിരുന്നു. ശിഷ്യവത്സലനായ ധൌമ്യൻ അവൻെറ കുററങ്ങളെ ക്ഷമിക്കുമെന്നു് അവന്നു നല്ല

നിശ്ചയം ഉണ്ടായിരുന്നു. എങ്കിലും അദ്ദേഹത്തിൻെറ ഇഷ്ട ത്തിന്നു വിരോധമായി യാതൊന്നും പ്രവൎത്തിപ്പാൻ ആ ബാലൻ ഒരിക്കലും തുനിഞ്ഞിരുന്നില്ല. അദ്ദേഹത്തിൻെറ പ്രസാദത്തെ അവൻ വിദ്യാലാഭത്തേക്കാൾ വലുതായി ട്ടാണു വിചാരിച്ചിരുന്നതു്.

പിറെറന്നാൾ ഉപമന്യു ഭിക്ഷാടനം ചെയ്വാൻ പുറ പ്പെട്ടതേയില്ല. എങ്കിലും ഉച്ചസമയത്തു കത്തിക്കാളുന്ന വിശപ്പു സഹിപ്പാൻ പാടില്ലാതായപ്പോൾ അവൻ പശു ക്കളെ കറന്നു കുറച്ചു പാൽ കുടിച്ചു. അതു് ആചാൎയ്യന്നു അനിഷ്ടമാവുകയില്ലെന്നുതന്നെയാണു് അവൻ വിചാരി ച്ചതു്. പക്ഷെ ആ വിചാരവും തീരെ തെററിപ്പോയി എന്നു് അവൻ അറിഞ്ഞിരുന്നില്ല.

സന്ധ്യാസമയത്തു് അവൻ ആശ്രമത്തിൽ എത്തിയ ഉടനെ മഹൎഷി അവനെ വിളിച്ചു ചോദിച്ചു.

ധൌമ്യൻ — കുമാരക, നീ ഭിക്ഷാടനം ചെയ്തു ഭക്ഷിക്കരു തെന്നു ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. പിന്നെ എങ്ങനെ യാണു നിൻെറ ശരീരം ഇത്ര തളൎച്ചകൂടാതെ കാണപ്പെ ടുന്നതു്? നീ എന്താണു് ഇന്നു ഭക്ഷിച്ചതു്?

ഉപമന്യു — പ്രഭോ, ഞാൻ ഇന്നുച്ചയ്ക്കു പശുക്കളെ കറന്നു കുറച്ചു പാൽ കുടിക്കുകയാണുണ്ടായതു്.

ധൌമ്യൻ — കഷ്ടം. നീ ഇത്ര അറിഞ്ഞുകൂടാത്തവനാണെ ന്നു ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. പശുക്കുട്ടിക ളെ പട്ടിണിയിടുവാനുള്ള മടികൊണ്ടു ഹോമത്തിന്നു നെയ്യുണ്ടാവാനുംകൂടി ഞാൻ അവരുടെ പാൽ കറ ന്നെടുക്കാറില്ല. അങ്ങനെയുള്ള ഇളങ്കുട്ടികളെ പട്ടിണി യിടുവാനല്ലെ നീ നിശ്ശങ്കം ഉറച്ചതു്? ഇതിലധികം വലു

തായ എന്തൊരു പാപമാണ് ഒരു ബ്രഹ്മചാരി ചെയ്യാനുള്ളതു്?

മഹഷി ഇത്രത്തോളം പറഞ്ഞപ്പോഴേക്കും ഉപമന്യുവിൻെറ കണ്ണുകളിൽനിന്നു കണ്ണീർ പൊഴിഞ്ഞു തുടങ്ങി. അവൻ ഗുരുമുഖം നോക്കുവാൻപോലും ധൈയ്യപ്പെടാതെ തേങ്ങിക്കരഞ്ഞു. അവൻെറ പശ്ചാത്താപം കണ്ടു സന്തുഷ്ടനായ ഗുരു അവനു സായന്തനകമ്മങ്ങൾ നടത്തുവാൻ അനുവാദം കൊടുക്കുകയും ലജ്ജാവനതമുഖനായി നിന്നിരുന്ന ആ ശിഷ്യൻ ഗുരുസമീപത്തിൽനിന്നു മാറിഃപ്പാവുകയും ചെയ്തു.

ആചായ്യൻ അനുവാദം നല്കിയല്ലാതെ യാതൊന്നും ഭക്ഷിക്കുകയില്ലെന്നു് ഉപമന്യു അന്നുതന്നെ മനസ്സുകൊണ്ടു ശപഥംചെയ്തു. പകൽ മുഴുവനും പശുക്കളുടെ പിന്നാലെ കാട്ടിൽ ഓടിത്തളന്നിരുന്ന ആ ബാലൻെറ മൃദുശരീരം ദിവസം കഴിയുന്തോറും അധികമധികം കൃശമായിക്കൊണ്ടിരുന്നു. ഒടുവിൽ അവൻ ഒരുനാൾ പ്രാണരക്ഷയ്ക്കായി കുറേ എരുക്കില പെട്ടിച്ചുതിന്നു. അതു നിമിത്തം അവൻെറ കണ്ണിന്നു ദീനം പിടിപെടുകയും കാഴ്ച കുറയുകയും ചെയ്തു. ആ കാഴ്ചക്കുറവു ക്രമത്തിൽ വദ്ധിച്ച് അന്ധതയായി പരിണമിച്ചു. എങ്കിലും അവൻ ആഹാരം കഴിപ്പാനായി ഗുരുവിനോടു് അനുവാദം ചോദിക്കുകയോ പശുക്കളെ മേയ്ക്കുന്ന പ്രവൃത്തിയിൽനിന്നു തന്നെ ഒഴിവാക്കിയാൽ കൊള്ളാമെന്നു് അപേക്ഷിക്കുകയോ ചെയ്തില്ല. ജീവനാശം വരുന്നതുവരെ ഗുരുവിൻെറ ആജ്ഞയെ അനുസരിപ്പാൻ അവൻ സന്നദ്ധനായിരുന്നു.

അങ്ങനെ കണ്ണുകാണാതെ കഷ്ടിച്ചുകൊണ്ടു കാ

ട്ടിൽ തപ്പിത്തടഞ്ഞു നടക്കേണ്ടിവന്നിട്ടുംകൂടി ആചാൎയ്യന്റി ദേശത്തെ അണുപോലും തെറ്റാതെ അനുഷ്ഠിച്ചിരുന്ന ആ ഗുരുഭക്തൻ ഒരുനാൾ അറിയാതെ ഒരു പൊട്ടക്കിണററിൽ ചെന്നു വീണു. അതിൽനിന്നു മേല്പോട്ടു കയറുവാൻ യാതൊരു വഴിയും കാണാതെ അവന്നു് അന്നു പകൽ മുഴുവനും ആ കിണററിൽതന്നെ കഴിച്ചുകൂട്ടേണ്ടിവന്നു. അന്ധകൂപപതിതനായ ആ ബാലന്നു് അകാലമരണം അടുത്തതായി തോന്നി എങ്കിലും അവൻ ഗുരുനിയോഗത്തെ നടത്തുന്നതിലുള്ള കൃതാൎത്ഥതയോടുകൂടി വ്യസനിക്കുകയോ വിലപിക്കുകയോ ചെയ്യാതെ ഇരുന്നു.

അന്നേദിവസം ആദിത്യൻ അസ്തമിച്ചിട്ടും ഉപമന്യു പതിവുപ്രകാരം പശുക്കളേയുംകൊണ്ടു് ആശ്രമത്തിലേയ്ക്കു മടങ്ങിവന്നുകണ്ടില്ല. അപ്പോൾ ധൌമ്യൻ ശിഷ്യന്മാരിൽ ചിലരെ വിളിച്ചു പറഞ്ഞു:— 'ഞാൻ ഉപമന്യുവിനെ പല കാൎയ്യങ്ങളിൽ നിന്നും തടുത്തുനിൎത്തി, ബുദ്ധിമുട്ടിച്ചു. അതുകൊണ്ടു അവൻ കോപിച്ചു് ഇങ്ങോട്ടു വരാതെ കാട്ടിൽ ഒളിച്ചിരിക്കയാണെന്നു തോന്നുന്നു. നമുക്കു കാട്ടിൽ പോയി അവനെ കൂട്ടിക്കൊണ്ടുവരിക.'

ഇപ്രകാരം നിശ്ചയിച്ചു് ആ മുനിവരൻ ശിഷ്യന്മാരോടുകൂടി കാട്ടിലേയ്ക്കു പുറപ്പെട്ടു. അവർ കുറച്ചു ദൂരം പോയപ്പോൾ ആശ്രമത്തിലെ പശുക്കളെല്ലാം മേഞ്ഞു മടങ്ങിവരുന്നതു കണ്ടു. എങ്കിലും അവയുടെ പിന്നാലെ ഉപമന്യു വരുന്നതു കണ്ടില്ല. അവന്നു വല്ല ആപത്തും സംഭവിച്ചിരിക്കുമോ എന്നു സംശയിച്ചു സംഭ്രമിച്ചു ധൌമ്യനും ശിഷ്യന്മാരും കാടുതോറും നടന്നു തിരയുകയും ഉറക്കെ വിളിച്ചുനോക്കുകയും ചെയ്തു. അന്ധകാരാവൃത

മായ വിപിനാന്തരത്തിൽ തങ്ങളുടെ വിളികൊണ്ടുണ്ടായ മാറെറാലിയല്ലാതെ മറെറാരു ശബ്ദവും അവക്കു കേൾക്കുവാൻ കഴിഞ്ഞില്ല.

ഇങ്ങനെ അവർ വളരെനേരം ചുററി നടന്നശേഷം ഉപമന്യു വീണുകിടക്കുന്ന പൊട്ടക്കിണററിന്റെ അടുക്കലെത്തി. 'ഉണ്ണി, ഉപമന്യോ' എന്നു ധൌമ്യൻ ഉള്ളിൽ തട്ടിയ വ്യസനത്തോടെ ഉറക്കെ ഒന്നു വിളിച്ചു. വാത്സല്യഭരിതമായ ആ ആഹ്വാനം ആചാൎയ്യന്റെ ആശീൎവ്വാദവചനംപോലെ ഉപമന്യുവിന്റെ മനസ്സിനു മോദം നല്കികൊണ്ടു് അവന്റെ കൎണ്ണങ്ങളിൽ പ്രവേശിച്ചു. അവൻ വിളികേൾക്കയും കിണററിൽ വീണുകിടക്കുകയാണെന്നു വിളിച്ചു പറകയും ചെയ്തു. അതു കേട്ട ഉടനെ ധൌമ്യൻ വള്ളിക്കുടിലുകൾക്കിടയിൽ മറഞ്ഞുകിടക്കുന്ന കാട്ടുകിണററിന്റെ വക്കത്തു ചെന്നുനിന്നു ചോദിച്ചു.

ധൌമ്യൻ - വത്സ, നീ എങ്ങനെയാണു് ഈ കിണററിൽ വീണതു്?

ഉപമന്യു - ഞാൻ വിശപ്പു സഹിപ്പാൻ വയ്യാതെ കുറേ എരുക്കില തിന്നു. അതുകൊണ്ടു കണ്ണു കാണാതായി.

ധൌമ്യൻ — എന്നാൽ, അശ്വനീദേവകളെ സ്തുതിച്ചു പ്രാൎത്ഥിക്കുക. ദേവവൈദ്യന്മാരായ അവർ നിശ്ചയമായും നിനക്കു കാഴ്ച നല്കും.

ഇങ്ങനെ ഉപദേശിച്ചു് അദ്ദേഹം ശിഷ്യന്മാരോടു കൂടി സ്വാശ്രമത്തിലേക്കു മടങ്ങി. ഉപമന്യു സ്വനിൎമ്മിതങ്ങളായ ഋക്കുകളെക്കൊണ്ടു് അശ്വനീദേവകളെ സ്തുതിച്ചു കണ്ണുകാണാതെ കഷ്ടപ്പെടുന്ന തനിക്കു കാഴ്ച നല്കുവാൻ കനിയണമെന്നു പ്രാൎത്ഥിച്ചു. ആ പ്രാൎത്ഥന കേട്ടു ദിന

ദയാലുക്കളായ ദേവവൈദ്യന്മാർ ഇരുവരും പ്രസാദിച്ച് ആ ബാലന്റെ മുമ്പിൽ ആവിർഭവിച്ചു. അവർ അന്ധനായ ആ ബാലകന്റെ അടുക്കൽ വന്നു നിന്നുംകൊണ്ടു ദിവ്യമായ ഒരു അപൂപം അവന്നു കൊടുത്തു പറഞ്ഞു.

അശ്വിനിദേവകൾ—ബാല, നീ ഈ അപ്പം തിന്നുകൊള്ളുക. എന്നാൽ, അക്കപത്രം ഭക്ഷിച്ചതുനിമിത്തം നഷ്ടമായ കാഴ്ച നിനക്കു തിരികെ കിട്ടും.

ഉപമന്യു പുരോഭാഗത്തുനില്ക്കുന്ന ദേവന്മാരെ ഭക്തിപൂർവ്വം തൊഴുതുകൊണ്ടു വിനയപുരസ്സരം അറിയിച്ചു.

ഉപമന്യു— അല്ലയോ ദേവന്മാരെ, എന്നിൽ കനിവുകാണിച്ച നിന്തിരുവടികൾക്ക് അനേകം നമസ്കാരം. ആചാര്യനെ അറിയിക്കാതെയും അദ്ദേഹത്തിന്റെ അനുമതി ലഭിക്കാതെയും യാതൊന്നും ഭക്ഷിക്കുവാൻ എനിക്കു തരമില്ല. അതിനാൽ അപ്പം തിന്നുവാൻ എന്നോടു പറയരുത്. വേറെ വല്ലവിധത്തിലും എനിക്കു കാഴ്ച ഉണ്ടാക്കിത്തരുവാൻ കരുണയുണ്ടാകണം.

അശ്വിനി—കുമാരക, നീ ഗുരുഭക്തനാണെന്നു ഞങ്ങൾക്ക് അറിയാം. നീ ഈ അപ്പം തിന്നുന്നതുകൊണ്ടു ഗുരു നിന്നോടു കോപിക്കയില്ല. നിന്റെ ഗുരുതന്നെ ഒരിക്കൽ ഞങ്ങൾ കൊടുത്ത ഒരു അപ്പം അദ്ദേഹത്തിന്റെ ആചാര്യനെ അറിയിക്കാതെ തിന്നുകയുണ്ടായിട്ടുണ്ട്. അതുകൊണ്ടു നീ ഈ അപ്പം തിന്നാൽ യാതൊരു ദോഷവും വരുവാനില്ല.

ഉപമന്യു— പക്ഷേ ഞാൻ കണ്ണുകാണാതെ കഷ്ടിച്ചുകൊള്ളാം. എന്നാലും എന്നോട് അപ്പം തിന്നുവാൻ പറയ

രുത്. ഗുരുസമ്മതംകൂടാതെ ഞാൻ യാതൊന്നും തിന്നുന്നതല്ല.

അശ്വനീദേവന്മാർ ബാലന്റെ ഗുരുഭക്തികണ്ട് ആശ്ചര്യപ്പെട്ടു. അവർ അവന്നു കാഴ്ച നല്കി അന്തർദ്ധാനം ചെയ്തു. ദേവപ്രസാദത്താൽ കാഴ്ച കിട്ടിയ ഉപമന്യു പൊട്ടക്കിണററിൽനിന്നു പണിപ്പെട്ടു കയറിയെങ്കിലും കൂരിരുട്ടടഞ്ഞ കാട്ടിൽ വഴി കണ്ടറിവാൻ കഴിയാത്തതുകൊണ്ടു പുലരുന്നതുവരെ അവിടെത്തന്നെ കഴിച്ചുകൂട്ടാതെ നിവൃത്തിയില്ലെന്നു കണ്ടു. അന്ധകാരാവൃതമായ അരണ്യത്തിൽ ദുഷ്ടമൃഗങ്ങൾ സൈ്വരമായി സഞ്ചരിക്കുന്ന രാത്രിവെളിയിൽ ഏകാകിയായി കഴിച്ചുകൂട്ടുന്ന കാര്യം ആലോചിച്ചപ്പോൾ ആ കുട്ടിയുടെ മനസ്സൊന്നു നടുങ്ങി. എങ്കിലും അവന്റെ നൈസർഗ്ഗികമായ ഗുരുഭക്തിയും ആചാര്യശാസനങ്ങളെ അനുഷ്ഠിക്കുന്നതിലുള്ള അസാമാന്യശ്രദ്ധയും അവന്ന് ആ സ്ഥിതിയിൽപോലും ധൈര്യമുളവാക്കുവാൻ പര്യാപ്തങ്ങളായിരുന്നു.

പ്രഭാതമായപ്പോൾ ഉപമന്യു ആശ്രമത്തിലേയ്ക്കു നടന്നു. അവൻ അവിടെ എത്തിയപ്പോൾ അവന്റെ സതീർത്ഥ്യന്മാരെല്ലാം പ്രാതഃകർമ്മങ്ങൾ കഴിഞ്ഞു ഹോമാഗ്നിയുടെ ചുററം ഇരുന്നു വേദാദ്ധ്യയനം ചെയ്യുകയായിരുന്നു. ഉപമന്യു അഗ്നിയുടെ പശ്ചിമഭാഗത്തു പൂർവ്വാഭിമുഖനായി ദർഭാസനത്തിൽ ഇരുന്നിരുന്ന ആചാര്യനെ നമസ്കരിച്ച് അഞ്ജലിബന്ധം ചെയ്തുകൊണ്ടുനിന്നു. ധൌമ്യൻ അവനോടു വർത്തമാനങ്ങളെല്ലാം വിസ്തരിച്ചു പറയുവാൻ ആജ്ഞാപിച്ചപ്പോൾ അവൻ സ്വവൃത്താന്തം ഒട്ടൊഴിയാതെ അറിയിച്ചു. ശിഷ്യവത്സലനായ ധൌമ്യമ

ഹർഷി ഉപമന്യുവിന്റെ ഗുരുഭക്തി കണ്ടു സന്തോഷിക്കുകയും അവനു സകല ശാസ്ത്രങ്ങളും നിഷ്പ്രയാസം മനസ്സിലാകുമെന്നു് അനുഗ്രഹിക്കുകയും ചെയ്തു.

ധൌമ്യമഹർഷിക്കു അനേകായിരം അന്തേവാസികൾ ഉണ്ടായിരുന്നു. അവരുടെ ഇടയിൽ സാധാരണയിലധികം ഗുരുഭക്തിയുള്ളവർ അനേകം പേർ ഉണ്ടായിട്ടുണ്ടു്. എന്നാൽ ഗുരുശാസനം നടത്തുവാനായി പ്രാണനേക്കൂടി പരിത്യജിപ്പാൻ ഒരുങ്ങിയ ഉപമന്യുവിനെപ്പോലെ അത്ര ഗുരുഭക്തിയുള്ള മറെറാരു ശിഷ്യൻ ഒരിക്കലും ഉണ്ടായിട്ടില്ല. പശുപാലനം ചെയ്വാനായി ഗുരുവിനാൽ നിയോഗിക്കപ്പെട്ട ആ ബാലൻ ചെയ്തതുപോലെയുള്ള മറെറാരു ധീരകൃത്യം ധൌമ്യാശ്രമത്തിൽവെച്ചു് അതിന്റെ മുമ്പിലും പിന്നിടും ആരും ചെയ്തിട്ടുമില്ല.

---

## 3. ഏകലവ്യന്റെ ഗുരുദക്ഷിണ.

മഹാഭാരതത്തിലെ പ്രധാനപ്പെട്ട കഥാപുരുഷന്മാരിൽ ഒരുവനായ ദ്രോണൻ, ഭരദ്വാജൻ എന്നു പേരായ ഒരു വിപ്രർഷിയുടെ പുത്രൻ ആയിരുന്നു. ദ്രോണാചാര്യൻ എന്ന പൂജ്യനാമംകൊണ്ടു പ്രസിദ്ധനായിത്തീൎന്ന അദ്ദേഹം ഇരുപത്തൊന്നു പ്രാവശ്യം ക്ഷത്രിയവൎഗ്ഗത്തെ വെണ്മഴുവിൻ മുനകൊണ്ടു വെട്ടിമുറിച്ചു മുടിച്ചശേഷം പൊന്മലമുടിയിൽ തപസ്സുചെയ്തു വാണിരുന്ന പരശുരാമന്റെ അടുക്കലാണു് അസ്ത്രവിദ്യ അഭ്യസിച്ചതു്. ധനുൎവ്വേദപാരംഗതനായിത്തീൎന്നശേഷം ആ വീരവിപ്രൻ ഹസ്തിനാപുര

ത്തിൽ ചെല്ലുകയും അക്കാലത്തു കൌമാരദശയെ പ്രാപിച്ചിരുന്ന കൌരവന്മാരുടേയും പാണ്ഡവന്മാരുടേയും ആചാൎയ്യനായി അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു.

രാജകുമാരന്മാരുടെ ഗുരുപദം വഹിച്ചുകൊണ്ടു ചന്ദ്രവംശരാജാക്കന്മാരുടെ അരമനയിൽ സൎവ്വസമ്മാനിതനായി വസിച്ചിരുന്ന അദ്ദേഹത്തിന്റെ അടുക്കൽ ശസ്ത്രവിദ്യ പഠിപ്പാനായി അടുത്തുനിന്നും അകലെനിന്നും അനേകം രാജപുത്രന്മാർ വന്നുചേൎന്നു ദ്രോണാചാൎയ്യൻ സകല ശിഷ്യന്മാരേയും വാത്സല്യത്തോടെ അഭ്യസിപ്പിക്കുകയും അവരെല്ലാം അവരവരുടെ വാസനയ്ക്കും പ്രയത്നത്തിന്നും അനുസരിച്ചവണ്ണം ഓരോ തരത്തിലുള്ള യുദ്ധങ്ങളിൽ വൈദഗ്ദ്ധ്യം സമ്പാദിക്കുകയും ചെയ്തു.

ദ്രോണാചാൎയ്യൎക്കു ശിഷ്യന്മാരെല്ലാവരും പ്രിയന്മാരായിരുന്നു. എന്നാൽ അവരുടെയിടയിൽ അസാമാന്യമായ വാസനാബലംകൊണ്ടും പരിശ്രമശീലംകൊണ്ടും മററുള്ളവരേക്കാൾ മികച്ചുനിന്നിരുന്ന അൎജ്ജുനനായിരുന്നു അദ്ദേഹത്തിന്റെ പൂൎണ്ണപ്രീതിക്കു പാത്രീഭവിച്ച പ്രഥമശിഷ്യൻ. മററുള്ളവൎക്കു മനസ്സിലാക്കുവാൻ സാധിക്കാത്ത അസ്ത്രവിദ്യാരഹസ്യങ്ങൾ പലതും ദ്രോണാചാൎയ്യൻ അവന്നു് ഉപദേശിക്കുകയും അവൻ അതെല്ലാം നന്നായി ഗ്രഹിക്കുകയും ചെയ്തു. അൎജ്ജുനന്റെ സാമൎത്ഥ്യം കണ്ടു സന്തോഷിച്ച ദ്രോണർ ഒരിക്കൽ അതിസ്നേഹം നിമിത്തം തേജസ്വിയായ ആ തരുണന്റെ പുറത്തു തലോടിക്കൊണ്ടു് 'അൎജ്ജുനാ, ലോകത്തിലുള്ള ഏതൊരു വില്ലാളിവീരനും അതിശയിക്കുവാൻ കഴിയാത്ത വിധത്തിൽ നിന്നെ അത്ര നല്ലവണ്ണം ഞാൻ പഠിപ്പിക്കും' എന്നു പറയുകകൂടി

ഉണ്ടായിട്ടുണ്ടു്. അൎജ്ജുനൻ ആന, കുതിര, തേർ എന്ന വാഹനങ്ങളിൽ കയറി വാൾ, കുന്തം, ഗദ മുതലായ എല്ലാ ആയുധങ്ങൾകൊണ്ടും യുദ്ധംചെയ്യാൻ അഭ്യസിച്ചു. എന്നാൽ അവൻ അനേകവിധത്തിലുള്ള അമ്പുകളെയ്യു ധനുസ്സുകൊണ്ടു യുദ്ധംചെയ്യുന്നതിലാണു് അസാധാരണമായ പാടവം നേടിയതു്.

അൎജ്ജുനൻെറ കൌശലത്തെ പൌരന്മാരെല്ലാം പുകഴ്ത്തിപ്പറഞ്ഞുതുടങ്ങി. അവൻെറ പ്രസിദ്ധി നാടെങ്ങും പരന്നു. ധനുൎവ്വേദം അഭ്യസിപ്പാനായി ദ്രോണരുടെ അടുക്കലേയ്ക്കു വരുന്ന രാജപുത്രന്മാരുടെ എണ്ണം വൎദ്ധിച്ചുതുടങ്ങി. ഇങ്ങനെയിരിക്കെ, ഒരു ദിവസം നിഷാദരാജനായ ഹിരണ്യധനുസ്സിൻെറ പുത്രൻ ഏകലവ്യൻ എന്നു പേരായ ഒരു യുവാവു ദ്രോണാചാൎയ്യൻെറ സമീപത്തിൽ ചെന്നു തനിക്കും ധനുൎവ്വിദ്യ അഭ്യസിപ്പാൻ അതിയായ ആഗ്രഹം ഉണ്ടെന്നു് അറിയിച്ചു.

യുദ്ധവിദ്യ അഭ്യസിക്കുന്നതു ക്ഷത്രിയരുടെ ജാതിധൎമ്മമാണെങ്കിലും അക്കാലത്തു ബ്രാഹ്മണജാതിയിലും ചിലർ അതു പഠിക്കുക പതിവുണ്ടായിരുന്നു. എന്നാൽ ക്ഷത്രിയരേക്കാൾ താണ ജാതിക്കാൎക്കു് അതു പഠിക്കുവാൻ പാടില്ലെന്നാണു് അന്നു ജനങ്ങൾ വിചാരിച്ചിരുന്നതു്. അതുകൊണ്ടും മലയജാതിയിൽ ജനിച്ച ഒരുവനെ ക്ഷത്രിയരുടെ കൂട്ടത്തിൽ പഠിപ്പിക്കുന്നതു ശരിയല്ലെന്നുള്ള വിചാരംകൊണ്ടും ദ്രോണർ ഏകലവ്യനെ ശിഷ്യനായി സ്വീകരിച്ചില്ല. താൻ ദ്രോണരെ ഗുരുവായി മനസ്സുകൊണ്ടു വരിച്ചിട്ടുള്ളതിനാൽ മറെറാരാളുടെ അടുക്കൽ പഠിപ്പാൻ പോവുന്നതല്ലെന്നും അതുകൊണ്ടു തനിക്കു കുറച്ചെങ്കിലും

പഠിപ്പിപ്പാൻ ദയവു വിചാരിക്കണമെന്നും വിനയപൂർവ്വം അപേക്ഷിച്ചു. ഏകലവ്യനോടു ദ്രോണർ പറഞ്ഞതു് ഇപ്രകാരമായിരുന്നു:—'നീ എന്റെ ശിഷ്യൻതന്നെയാണ്. നിനക്കു് അസ്ത്രപ്രയോഗപാടവം ഉണ്ടാവാൻ ഞാൻ അനുഗ്രഹം നല്കുന്നതുമുണ്ടു്. നീ സ്വഗൃഹത്തിലേക്കുതന്നെ തിരിച്ചു പൊയ്ക്കൊള്ളുക'.

ഏകലവ്യൻ ഭക്തിയോടുകൂടി ദ്രോണരുടെ കാല്ക്കൽ വീണു നമസ്കരിച്ചു വനത്തിലേക്കു മടങ്ങി. അവൻ അവിടെ ദ്രോണരുടെ ആകൃതിയിൽ മണ്ണുകൊണ്ടു് ഒരു വിഗ്രഹം ഉണ്ടാക്കി അതിനെ പരിശുദ്ധമായ ഒരു പ്രദേശത്തു പ്രതിഷ്ഠിച്ച് ആചാര്യനാണെന്നുള്ള ധ്യാനത്തോടുകൂടി പ്രതിദിവസം പൂജിക്കുകയും ആ വിഗ്രഹത്തിന്റെ മുമ്പിൽവെച്ചുതന്നെ അസ്ത്രപ്രയോഗം അഭ്യസിക്കുകയും ചെയ്തുതുടങ്ങി. ആചാര്യനിൽ പരമഭക്തിയോടും സ്വകൃത്യത്തിൽ അത്യന്തശ്രദ്ധയോടുംകൂടി അങ്ങനെ കുറേനാൾ അഭ്യസിച്ചപ്പോഴെയ്ക്കും അവന്നു് അസ്ത്രവിദ്യാരഹസ്യങ്ങളെല്ലാം നന്നായി വെളിപ്പെട്ടു. ദ്രോണാചാര്യന്റെ അടുക്കൽ പഠിച്ചാൽ ഉണ്ടാകുന്നപോലെയുള്ള നൈപുണ്യവും പ്രയോഗലാഘവവും അവന്നു ലഭിച്ചു. അതെല്ലാം ഗുരുവിന്റെ അനുഗ്രഹംകൊണ്ടുണ്ടായതാണെന്നു നിശ്ചയിച്ച് ഏകലവ്യൻ പിന്നേയും മൃണ്മയമായ ആചാര്യവിഗ്രഹത്തെ പതിവായി പൂജിച്ചുകൊണ്ടുതന്നെയിരുന്നു.

ഇങ്ങനെയിരിക്കെ, ഒരു ദിവസം ദ്രോണശിഷ്യന്മാരായ കൌരവന്മാരും പാണ്ഡവന്മാരും നായാടുവാനായി കാട്ടിലേക്കു പുറപ്പെട്ടു. അവർ പുതുതായി കിട്ടിയ അസ്ത്രവിദ്യാകൌശലത്തെ പ്രകടിപ്പിച്ചു ദുഷ്ടമൃഗങ്ങളെ വധിച്ചു

LIBRARY

കൊണ്ടു പല കാട്ടുകളിലും സഞ്ചരിച്ചശേഷം ഒടുവിൽ ഏകലവ്യൻ വസിക്കുന്ന വനത്തിൽ ചെന്നെത്തി. രാജകുമാരന്മാരുടെ കൂട്ടത്തിൽ മൃഗയോപകരണങ്ങൾ വഹിച്ചിരുന്ന ഒരു ഭൃത്യനും അവൻെറ പിന്നാലെ ഒരു നായും ഉണ്ടായിരുന്നു.

രാജകുമാരന്മാർ മൃഗയാവിനോദം അനുഭവിച്ചുകൊണ്ടു് അങ്ങുമിങ്ങും ചുററിനടന്നുകൊണ്ടിരിക്കെ, അവരുടെ കിങ്കരൻ പിന്നാലെ നടന്നിരുന്ന നായോടുകൂടി, യദൃച്ഛയായി ഏകലവ്യൻ മൃത്തികാവിഗ്രഹം പ്രതിഷ്ഠിച്ചിട്ടുള്ള സ്ഥലത്തു് എത്തി. ധനുഷ്പാണിയായ നിഷാദരാജകുമാരൻ അവിടെ ഒരു ഭാഗത്തു നിന്നിരുന്നു. മാൻതോൽകൊണ്ടു പകുതി മറച്ച ഏകലവ്യൻെറ മലിനശരീരവും ചിട പിടിച്ചു തൂങ്ങിക്കിടക്കുന്ന തലമുടിയും മററും കണ്ടു നായ അവൻെറ നേരെ നോക്കി കുരച്ചുതുടങ്ങി. ശ്വാവിൻെറ ശബ്ദം ദുഃശ്രവമായി തോന്നിയപ്പോൾ ഏകലവ്യൻ അതു നിർത്തുവാനായി ഏഴമ്പുകളെടുത്തു് അവയെ ഒന്നിച്ചു നിലവിളിച്ചുകൊണ്ടുനില്ക്കുന്ന നായുടെ വായിലേക്കു എയ്തു. ശ്വാവു ശരപൂർണ്ണമായ ആസ്യത്തോടുകൂടി അടുത്തു വേട്ടയാടിയിരുന്ന പാണ്ഡവന്മാരുടെ അടുക്കലേക്കു് ഓടിപ്പോവുകയും ചെയ്തു.

മരണവേദനയോടെ ഓടിവരുന്ന നായുടെ വായിൽ ഏഴു കൂരമ്പുകൾ തറച്ചിട്ടുള്ളതുകണ്ടു പാണ്ഡവന്മാർ അത്യന്തം ആശ്ചര്യപ്പെട്ടു. അത്ര ലാഘവത്തോടെ അസ്ത്രപ്രയോഗംചെയ്ത വില്ലാളിവീരൻ ആരാണെന്നു് അറിവാനുള്ള കൌതുകത്തോടുകൂടി അവർ അന്വേഷിച്ചപ്പോൾ ജടിലനും മലിനനുമായ ഒരു മനുഷ്യൻ കയ്യിൽ വില്ലുമായി നില്ക്കു

ന്നതു കണ്ടു. അമ്പു നട്ടതു് ആ കാട്ടാളനാണെന്നു് അറിഞ്ഞപ്പോഠം അവരുടെ വിസ്മയം അതിരില്ലാത്തതായി ത്തിൻ. അവർ അവൻെറ സാമത്ഥ്യത്തെ പ്രശംസിച്ചു. എങ്കിലും അവരുടെ ഹൃദയം ലജ്ജകൊണ്ടു നിറഞ്ഞിരുന്നു. നീചജാതിയിൽ പിറന്നവനാണെങ്കിലും അസ്ത്രവിദ്യയിൽ തങ്ങഠക്കാഠം നിപുണതരനായ ആ നിഷാദൻ മാന്യനാണെന്നു വിചാരിച്ചു അവർ ചോദിച്ചു.

പാണ്ഡവന്മാർ—അല്ലേ, വില്ലാളിവീര, താൻ ആരാണു്? ആരുടെ പുത്രനാണു്? ആരുടെ ശിഷ്യനാണു്?

നിഷാദൻ—ഞാൻ നിഷാദരാജനായ ഹിരണ്യധനുസ്സിൻെറ പുത്രനും, ലോകപ്രസിദ്ധനായ ദ്രോണാചാൎയ്യൻെറ ശിഷ്യനും ആണു്. എൻെറ പേർ ഏകലവ്യൻ എന്നാണു്.

ഏകലവ്യൻെറ ഈ മറുവടി കേട്ടപ്പോഠം പാണ്ഡവന്മാരുടെ ആശ്ചൎയ്യം പത്തിരട്ടി വൎദ്ധിച്ചു. അവർ അന്നത്തെ നായാട്ടു നിത്തി കോവിലകത്തേയ്ക്കു മടങ്ങി. കാട്ടിൽവെച്ചു കണ്ട അത്ഭുതകരമായ അസ്ത്രപ്രയോഗത്തിൻെറ വൎത്തമാനമെല്ലാം അവർ ദ്രോണാചാൎയ്യനെ അറിയിച്ചു. അതു കേട്ടപ്പോഠം ദ്രോണൎക്കും വിസ്മയമുണ്ടാകാതിരുന്നില്ല.

ഏകലവ്യനെ കണ്ട ക്ഷണം മുതൽ അൎജ്ജുനൻെറ മനസ്സിൽ അമ്പുതറച്ചാലുണ്ടാകുന്നതുപോലെ അസഹ്യമായ ഒരു വേദന പിടിപെട്ടിരുന്നു. പ്രകൃത്യാ സുശീലനാണെങ്കിലും അസ്ത്രവിദ്യയിൽ അദ്വിതീയനാണെന്നു് അഭിമാനിച്ചിരുന്ന അൎജ്ജുനനു് ആ ഒരു വിഷയത്തിൽ മാത്രം മററുള്ളവരോടു കലശലായ മാത്സൎയ്യം ഉണ്ടായിരുന്നു.

അതു നിമിത്തം തന്നേക്കാൾ സമൎത്ഥനായ മറെറാരു ശിഷ്യൻ ദ്രോണാചാൎയ്യൎക്കുണ്ടെന്നറിഞ്ഞപ്പോൾ അ യാൾക്കു മനസ്സുഖമില്ലാതായി. അയാൾ ഗ്രദ്ധമായി ആചാൎയ്യന്റെ അടുക്കൽച്ചെന്നു ചോദിച്ചു.

അൎജ്ജുനൻ_ഗുരോ, എന്നെപ്പോലെ മിടുക്കനായി മറെറാരു ശിഷ്യൻ അങ്ങയ്ക്കു് ഉണ്ടാവാത്തവിധത്തിൽ അത്ര നല്ലവണ്ണം എന്നെ പഠിപ്പിക്കാമെന്നു് അങ്ങുന്നു തന്നെ മുമ്പൊരിക്കൽ പറയുകയുണ്ടായല്ലോ. ഇന്നു ഞങ്ങൾ കാട്ടിൽകണ്ട കാട്ടാളൻ അങ്ങയുടെ ശിഷ്യനാണെന്നാണു പറഞ്ഞതു്. അവൻ അസ്ത്രവിദ്യയിൽ എന്നേക്കാൾ വളരെ അധികം സമൎത്ഥനാണെന്നുള്ളതിൽ സംശയമേ ഇല്ല. എന്നല്ല, അവൻ ലോകത്തിലുള്ള ഏതൊരു വില്ലാളിയേക്കാളും മേലെയാണെന്നാണു് എനിക്കു തോന്നുന്നതു്. ഇത്ര നിപുണനായ മറെറാരു ശിഷ്യൻ അങ്ങയ്ക്കുണ്ടായതെങ്ങനെ?

ദ്രോണർ_അൎജ്ജുന! ഞാൻ നിന്നെ പഠിപ്പിച്ചിട്ടുള്ളതുപോലെ അത്ര നന്നായി വേറൊരുവനേയും പഠിപ്പിച്ചിട്ടില്ല. നിങ്ങൾ പറഞ്ഞതുപോലെയുള്ള ഒരു ശിഷ്യൻ എനിക്കുള്ളതായി ഞാൻ കാണുന്നതുമില്ല. എങ്കിലും ഈ വില്ലാളിയുടെ വൎത്തമാനം എനിക്കുംകൂടി വിസ്മയകരമായിരിക്കുന്നു. അവനെ ഒന്നു കണ്ടാൽ കൊള്ളാമെന്നു് എനിക്കുംതോന്നുന്നുണ്ടു്. അതുകൊണ്ടു നമുക്കു് ഒരിക്കൽ കൂടി കാട്ടിലേയ്ക്കു പോവുക.

ഇപ്രകാരം പറഞ്ഞു ദ്രോണർ ചിന്താമഗ്നമായ മനസ്സോടുകൂടി കുറച്ചുനേരം ഇരുന്നാലോചിച്ചശേഷം എന്തോ ഒന്നുറച്ച ഭാവത്തോടെ അൎജ്ജുനനേയും കൂട്ടിക്കൊണ്ടു

No., 39993

കാട്ടിലേയ്ക്കു പുറപ്പെട്ടു. അവിടെ എത്തിയപ്പോൾ അദ്ദേഹം ഒരു മരത്തിന്റെ ചുവട്ടിൽ പ്രതിഷ്ഠിച്ചിരുന്ന മൃത്തികാമയമായ ആത്മവിഗ്രഹത്തേയും അതിന്റെ സമീപത്തിൽ അങ്ങുമിങ്ങും ഇടവിടാതെ അമ്പുകളെയ്യ് അഭ്യസിച്ചുകൊണ്ടിരുന്ന ഒരു യുവാവിനേയും കണ്ടു. മഷിപോലെ കറുത്ത മലിനശരീരത്തിൽ മാൻതോൽ ഉടുത്തു ചിടപിടിച്ച തലമുടി കാട്ടുവള്ളികൊണ്ടു കെട്ടിവെച്ച കയ്യിൽ വില്ലുമേന്തി ശരപരിചയം ചെയ്യുന്ന ആ നിഷാദതരുണനെ മുമ്പു കണ്ടിട്ടുള്ളതായിത്തന്നെ ദ്രോണക്കു തോന്നിയില്ല.

ദ്രോണാചാര്യൻ അടുത്തെത്തിയപ്പോൾ ഏകലവ്യൻ അദ്ദേഹത്തെ ആദരവോടെ എതിരേററു വിനയപുരസ്സരം വന്ദിച്ചു. അതിന്റെ ശേഷം അദ്ദേഹത്തിനു സ്വാഗതം പറഞ്ഞ് അർഘ്യപാദ്യാദികൾ കൊടുത്ത് ഇരിപ്പാൻ ഒരു ദർഭാസനവും ഭക്ഷിപ്പാൻ കുറെ മധുരഫലങ്ങളും സമർപ്പിച്ച് ഏകലവ്യൻ അദ്ദേഹത്തിന്റെ മുമ്പിൽ കൈകൂപ്പി നിന്നുംകൊണ്ടു പറഞ്ഞു.

ഏകലവ്യൻ ഗുരോ, ഞാൻ അവിടത്തെ അടുക്കൽ നിന്നു പോന്നശേഷം ഇതേവരെ ഇടവിടാതെ അസ്ത്രാഭ്യാസം ചെയ്തു. അവിടത്തെ അനുഗ്രഹത്താൽ എനിക്കു അസ്ത്രവിദ്യാരഹസ്യങ്ങൾ മിക്കതും മനസ്സിലാവുകയും ചെയ്തു. ക്ഷുദ്രനായ എന്നെ കാണ്മാനായി അവിടുന്ന് ഈ കാട്ടിലേയ്ക്കു പുറപ്പെടുവാനുള്ള കാരണം എന്താണെന്ന് അറിയുവാൻ ആഗ്രഹമുണ്ട്. അവിടുത്തേയ്ക്കു നിസ്സാരനായ ഇവനെക്കൊണ്ട് എന്തൊരു കാര്യമാണു സാധിപ്പാനുള്ളത്?

ദ്രോണാചാര്യൎക്ക് ഏകലവ്യന്റെ ഭക്തിബഹുമാനങ്ങൾ കണ്ടു് അഭിമാനിപ്പാനും ശസ്ത്രനൈപുണ്യം കണ്ടു സന്തോഷിപ്പാനും ക്ഷമയുണ്ടായില്ല. അദ്ദേഹം പിന്നിൽ നിന്നിരുന്ന പാൎത്ഥനെ സാഭിപ്രായം ഒന്നു കടാക്ഷിച്ച് ഏകലവ്യന്റെ നേരെ നോക്കി പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു.

ദ്രോണർ—ഇത്ര സമൎത്ഥനായ ഒരു ശിഷ്യൻ ഉണ്ടായതിൽ എനിക്കു് അളവററ സന്തോഷമുണ്ടു്. അസ്ത്രവിദ്യയിൽ പൂൎണ്ണനൈപുണ്യം പ്രാപിച്ചിരിക്കുന്ന നിന്റെ ഗുരുദക്ഷിണ വാങ്ങി നിന്നെ അനുഗ്രഹിപ്പാനായിട്ടാണു ഞാൻ ഇങ്ങോട്ടു വന്നതു്.

ഇതു കേട്ടപ്പോൾ ഏകലവ്യനുണ്ടായ സന്തോഷം വാചാമഗോചരമായിരുന്നു. അവൻ തന്റെ ഭാഗ്യാതിരേകത്തേയും ഗുരുവിന്റെ ശിഷ്യവാത്സല്യത്തേയും ഓൎത്തു സന്തോഷിച്ചുംകൊണ്ടു പറഞ്ഞു.

ഏകലവ്യൻ—ഗുരോ, എന്റെ സൎവ്വസ്വവും സമൎപ്പിപ്പാൻ ഞാൻ ഒരുക്കമാണു്. എങ്കിലും, ദക്ഷിണയായി തരുന്ന സാധനം അങ്ങെയ്ക്കു് ഇഷ്ടമുള്ളതായിരിക്കണമല്ലോ. അതുകൊണ്ടു, ഞാൻ എന്താണു തരേണ്ടതെന്നു് അങ്ങുന്നുതന്നെ പറഞ്ഞാൽകൊള്ളാം. ഗുരുവിനു ദക്ഷിണയായി സമൎപ്പിപ്പാൻ പാടില്ലാത്ത യാതൊരു പദാൎത്ഥവും എന്റെ കയ്യിൽ ഇല്ല.

ദ്രോണാചാൎയ്യർ—അങ്ങനെയാണെങ്കിൽ നിന്റെ വലത്തേക്കയ്യിലുള്ള തള്ളവിരൽ മുറിച്ചു ദക്ഷിണചെയ്യുക. ഞാൻ ഇഷ്ടപ്പെടുന്ന ഗുരുദക്ഷിണ അതാണു്.

ഇതു കേട്ടപ്പോൾ ഏകലവ്യനു കാൎയ്യമെല്ലാം മനസ്സിലായി. താൻ അത്രനാളും ഭക്തിപൂൎവ്വം ആരാധിച്ചി

രുന്ന ആചാൎയ്യദേവൻ തന്നെ നശിപ്പിപ്പാനായി പ്രത്യക്ഷപ്പെട്ടതാണെന്നു് അവന്നു് അറിയാറായി. പൌരുഷം ക്ഷത്രിയരുടെ പിതൃധനമല്ലെന്നു പ്രദൎശിപ്പിച്ചതിന്നു തനിക്കു കിട്ടിയ സമ്മാനമാണതെന്നു് അവന്നു സ്പഷ്ടമായി. എങ്കിലും അവൻെറ മനസ്സിന്നു ലവലേശം ഇളക്കം ഉണ്ടായില്ല. ചെയ്ത പ്രതിജ്ഞയെ നീക്കംകൂടാതെ നിറവേററുവാൻതന്നെ അവൻ തയ്യാറായി.

ജാതികൊണ്ടു നിഷാദനാണെങ്കിലും സ്വഭാവംകൊണ്ടു ക്ഷത്രിയനായ ആ വീരതരുണൻ ഒരു നിമിഷംപോലും താമസിയാതെ തൻെറ വലത്തെ കയ്യിലെ തള്ളവിരൽ ഇടത്തെ കൈകൊണ്ടു കൊത്തിമുറിച്ചു പ്രസന്നമായ മുഖത്തോടുകൂടി ഗുരുവിൻെറ കാല്ക്കൽ വെച്ചു നമസ്കരിച്ചു. താൻ പ്രയോഗിച്ച കൌശലം സഫലമായതു കണ്ടു കൃതാൎത്ഥതപൂണ്ടു ദ്രോണർ അൎജ്ജുനനോടുകൂടി രാജധാനിയിലേക്കു മടങ്ങുകയും ചെയ്തു.

ഏകലവ്യൻെറ ദക്ഷിണകരാംഗുഷ്ഠം ദക്ഷിണചെയ്യപ്പെട്ടതോടുകൂടി അവൻെറ അസ്ത്രപാടവമെല്ലാം നഷ്ടമായി. അൎജ്ജുനൻ അസ്ത്രവിദ്യയിൽ അപ്രതിമനായിത്തീൎന്നു. എങ്കിലും ആ ധീരധന്വിയുടെ ഗുരുദക്ഷിണ ചന്ദ്രവംശചരിതമായ മഹാഭാരതത്തിൽ വൎണ്ണിക്കപ്പെട്ടിട്ടുള്ള അൎജ്ജുനൻെറയും മററനേകം ക്ഷത്രിയന്മാരുടേയും ധീരകൃത്യങ്ങളേക്കാൾ എത്രയോ അധികം ശ്രേഷ്ഠമായി വിളങ്ങുന്നുണ്ടു്.

## 3. ശിബിയുടെ ശരണാഗതത്രാണം.

ഉശീനരദേശത്തിൽ ശിബി എന്നു പേരായ ഒരു രാജാവു് ഉണ്ടായിരുന്നു. അദ്ദേഹം രാജധൎമ്മങ്ങളെ നന്നായി ഗ്രഹിക്കുകയും വേണ്ടുംവണ്ണം അനുഷ്ഠിക്കുകയും ചെയ്തിരുന്ന ഒരു ഉത്തമഭൂപാലൻ ആയിരുന്നു. യാഗാദികൎമ്മങ്ങൾ നടത്തുന്നതിൽ അദ്ദേഹത്തെപ്പോലെ ശ്രദ്ധയുള്ള രാജാക്കന്മാർ പണ്ടുകാലത്തുംകൂടി വളരെ കുറവായിരുന്നു. സുദീൎഘമായ അദ്ദേഹത്തിൻെറ ആയുഷ്കാലത്തിൽ അദ്ദേഹം ഒരിക്കലെങ്കിലും സ്വധൎമ്മത്തിൽനിന്നു് അണുപോലും തെററിനടന്നതായി കേട്ടിട്ടില്ല.

ഒരിക്കൽ ധൎമ്മാത്മാവായ ശിബി അനേകസംവത്സരങ്ങൾകൊണ്ടു നടത്തേണ്ടതായ ഒരു മഹാ സത്രം ആരംഭിച്ചു. വേദജ്ഞന്മാരും കൎമ്മകുശലന്മാരുമായ ബ്രാഹ്മണർ നാനാദേശങ്ങളിൽനിന്നും വന്നു ശിബി ചക്രവൎത്തിയുടെ യാഗത്തെ വിധിപോലെ നിൎവ്വഹിച്ചുകൊടുപ്പാൻ വേണ്ടുന്ന ഉദ്യമങ്ങൾ തുടങ്ങി. മന്ത്രഘോഷത്താൽ മാറെറാലി കൊണ്ടു മുഴങ്ങുന്ന യാഗശാല മുഴുവനും ഹോമധൂപത്താൽ പരിശുദ്ധമാക്കപ്പെട്ടു. ദാനങ്ങൾകൊണ്ടു തൃപ്തന്മാരായ ദ്വിജന്മാരുടെ ആശീൎവ്വാദവചനങ്ങൾ എന്നും കേൾക്കുമാറായി.

അപ്രകാരം ആ മഹായജ്ഞം നിൎവ്വിഘ്നമായി നടന്നുകൊണ്ടിരിക്കേ ഒരുനാൾ ഇന്ദ്രനും അഗ്നിയും കൂടി ശിബിയുടെ ധൎമ്മശ്രദ്ധയെ ഒന്നു പരീക്ഷിച്ചുനോക്കണം എന്നു നിശ്ചയിച്ചു. വളരെക്കാലമായി ഇടവിടാതെ ഹവിൎഭാഗം ഭുജിച്ചു സംതൃപ്തനായ ദേവരാജൻ വിശന്നു വലഞ്ഞ ഒരു പരുന്തിൻെറ വേഷം കയ്ക്കൊണ്ടു. തൊട്ടതെല്ലാം ചുട്ടു ഭസ്മ

മാകുന്ന അഗ്നിദേവൻ ചെറിയൊരു പ്രാവിൻെറ സ്വരൂപം സ്വീകരിച്ചു പിന്നാലെ പറന്നുവരുന്ന പരുന്തിൻെറ ഇരയാവാതെ കഴിപ്പാനുള്ള ഉത്സാഹത്തോടുകൂടി പേടിച്ച് അങ്ങുമിങ്ങും പറക്കുന്ന ഒരു പക്ഷിയായിത്തീൎന്നു. ഈ രണ്ടു പക്ഷികളുംകൂടി പറന്നുപറന്നു ശിബിയുടെയാഗശാലയിൽ വന്നെത്തി. പ്രാവ് ഭയപ്പെട്ട നാട്യത്തോടെ തന്നെ പരുന്തുപിടിച്ചുതിന്നാതെ നോക്കണമെന്നുള്ള അപേക്ഷയോടുകൂടി ശിബി ചക്രവൎത്തിയുടെ മടിയിലേയ്ക്കു പറന്നു ചെന്നു. ശിബി ശരണാഗതമായ ആ കപോതത്തിന്നു അഭയപ്രദാനംചെയ്തു. അതു കണ്ടു ഉടനെ അതിൻെറ പിന്നാലെ പാഞ്ഞിരുന്ന പരുന്തു രാജാവിൻെറ അടുക്കൽ ചെന്നു പറഞ്ഞു:

പരുന്ത്—രാജാവെ, അങ്ങുന്നു ധൎമ്മാത്മാവാണെന്നു നാട്ടുകാരെല്ലാവരും പറയുന്നു. അങ്ങനെയിരിക്കെ അങ്ങുന്നു് എന്തുകൊണ്ടാണ് ഈ അധൎമ്മം പ്രവൎത്തിപ്പാൻ തുടങ്ങുന്നതു്? അങ്ങയുടെ മടിയിൽ ഇരിക്കുന്ന ആ പ്രാവിൻകുട്ടി വിശന്നു വലഞ്ഞ എനിക്കു് ഇരയായി ദൈവം നല്കീട്ടുള്ളതാണ്. അതിനെ രക്ഷിക്കുന്നതു ധൎമ്മമാണെന്ന് അങ്ങുന്നു വിചാരിക്കുന്നു. യഥാൎത്ഥത്തിൽ അതു് അധൎമ്മമാണെന്നു് അങ്ങുന്നു അറിയുന്നില്ല.

ശിബി—അല്ലേ ശ്യേന! ഈ പ്രാവു നിന്നെ കണ്ടുപേടിച്ചു വിറച്ചുംകൊണ്ടു പ്രാണനെ രക്ഷിക്കണമെന്നപേക്ഷിച്ചുകൊണ്ടാണ് എൻെറ അടുക്കലേയ്ക്കു വന്നതു്. അതിന്നു അഭയം നല്കാതിരിക്കുന്നതാണു ധൎമ്മം എന്നു നീ പറയുന്നതെങ്ങനെ? ഈ സാധുപ്പക്ഷി എൻെറ മടിയിൽ ഇരുന്നിട്ടുംകൂടി നിന്നെ കണ്ടു പേടിച്ചു പരിഭ്രമിച്ചു വിറ

യ്ക്കുന്നതു നീ കാണുന്നില്ലേ? അതിനെ ഞാൻ കാത്തുകൊള്ളാതെ കൈവിടുന്നതു ധമ്മമാണോ? ശരണാഗതനെ ത്യജിക്കുന്നവന്നു വിപ്രനെ വധിക്കുകയോ ഗോവിനെ ഹനിക്കുകയോ ചെയ്യാലുണ്ടാകുന്ന മഹാപാപം ഉണ്ടാകുമെന്നാണു ധമ്മശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ളതു്.

പരുന്തു് — രാജൻ, പ്രാണികൾ ജീവിച്ചിരിക്കുന്നതും വളരുന്നതും ആഹാരംകൊണ്ടാണു്. ആഹാരം കൂടാതെ അധികകാലം ജീവിപ്പാൻ ആൎക്കുംകഴിയുന്നതല്ല. എനിക്കു വിധിച്ചിരുന്ന ഭക്ഷണത്തെ അങ്ങുന്നു് അപഹരിക്കുകയാണു് ഇപ്പോൾ ചെയ്യുതു്. അതുനിമിത്തം എനിക്കു മരണംതന്നെ നേരിട്ടേക്കാമെന്നു തോന്നുന്നു. അങ്ങനെയായാൽ എന്റെ കുട്ടികൾക്കും നിശ്ചമായി ജീവനാശം സംഭവിക്കും. അപ്പോൾ അങ്ങുന്നു് ഒരു പ്രാണിയെ രക്ഷിപ്പാൻവേണ്ടി എത്ര ജീവികളെ കൊല്ലുന്നുവെന്നു ഒന്നാലോചിക്കുക. ധമ്മാധമ്മങ്ങളുടെ ഗുരുലാഘവം ചിന്തിക്കാതെ പ്രവത്തിച്ചാൽ ചിലപ്പോൾ പുണ്യത്തേക്കാൾ അധികം പാപമായിരിക്കും നേടുന്നതു്.

ശിബി — അല്ലേ, വിഹംഗമ, നീ വളരെ യുക്തിയുക്തമായി സംസാരിക്കുന്നുണ്ടു്. നിനക്കു സമല ധമ്മങ്ങളും അറിയാമെന്നു തോന്നുന്നു. നീ പറഞ്ഞതു മുഴുവനും ശരിയാണു്. എങ്കിലും ഞാൻ നിഃന്നാടു ഒന്നു ചോദിക്കട്ടെ. നീ ആഹാരത്തിന്നായിട്ടാണല്ലോ പ്രാവിനെ പിടിപ്പാൻ പുറപ്പെട്ടതു്. നിനക്കു തിന്മാൻ വേറെ വല്ലതും കിട്ടിയാലും കഴിച്ചുകൂട്ടരുതേ? പശു, പോത്തു, മാൻ, പന്നി മുതലായ മൃഗങ്ങളിൽ എതു വേണമെങ്കിലും നിനക്കു

തരാം. അവയുടെ മാംസം ഒരു പ്രാവിന്റേതിനേക്കാൾ വളരെ അധികം ഉണ്ടാവുകയും ചെയ്യുമല്ലോ. അതുതിന്നു തൃപ്തിപ്പെട്ടുക. എന്നാൽ എനിക്കു ശരണാഗതനെ ത്യജിച്ചാലുണ്ടാകുന്ന പാപം ഇല്ലാതെ കഴിക്കാം. അതല്ലെ നല്ലതു്?

പരുന്തു് — രാജാവേ, ഞാൻ പശുവിനേയും, പന്നിയേയും, മഹിഷത്തേയും മററു മൃഗങ്ങളേയും ഭക്ഷിക്കാറില്ല. പരുന്തുകൾക്കുള്ള ഇര പ്രാവുകളാണു്. അതൊന്നും ആലോചിക്കാതെ അങ്ങുന്നു് എന്താണു് അറിഞ്ഞുകൂടാത്തവനെപ്പോലെ സംസാരിക്കുന്നതു്? എനിക്കു ദൈവം വിധിച്ചിട്ടുള്ള ഭക്ഷണമാണു് അങ്ങയുടെ മടിയിലിരിക്കുന്ന ആ പ്രാവു്. കഴിയുമെങ്കിൽ അതിനെ വിട്ടുതരിക. അതാണു് അങ്ങുന്നു ചെയ്യേണ്ടതു്. മററൊന്നിലും എനിക്കു കൊതിയില്ല.

രാജാവു് — ഹേ പക്ഷിശ്രേഷ്ഠ, വിശാലവും സമൃദ്ധവുമായ എന്റെ രാജ്യത്തിലുള്ള എന്തൊരു വസ്തുവും നിനക്കു തരുവാൻ ഞാൻ ഒരുക്കമാണു്. എന്റെ അടുക്കൽ വന്നു ശരണം പ്രാപിച്ച ഈ പ്രാവിനെ മാത്രം ഞാൻ ഒരിക്കലും വിട്ടുതരുന്നതല്ല. നീ ഈ പക്ഷിയെ ഉപേക്ഷിക്കുക തന്നെവേണം. അതിന്നായി ഞാൻ എന്തും ചെയ്വാൻ തയ്യാറാണു്. എന്തു ചെയ്യേണമെന്നു പറയുക.

പരുന്തു് — രാജൻ, അങ്ങേയ്ക്കു പ്രാവിന്റെ പേരിൽ അത്രത്തോളം സ്നേഹവും ദയയുമുണ്ടെങ്കിൽ അങ്ങയുടെ സ്വന്തം ശരീരത്തിൽനിന്നു മാംസം മുറിച്ചു് എനിക്കു തിന്മാൻ തരിക. കപോതശരീരത്തിന്റെ ഘനത്തിൽ കുറയാത്ത മാംസം അങ്ങയുടെ ദേഹത്തിൽനിന്നു മുറി

ച്ചെടുത്തു തുലാസ്സിൽ വെച്ചു തൂക്കിത്തന്നാൽ അതു കൊണ്ടു ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം.

രാജാവു് — ശരി, എന്റെ ശരീരത്തിൽനിന്നുതന്നെ മാംസം മുറിച്ചുതരുവാൻ യാതൊരു വിരോധവുമില്ല. എന്നല്ല, നിന്റെ ഈ നിശ്ചയത്തെ ഞാൻ ഒരനുഗ്രഹമായിട്ടാണു കരുതുന്നതു്.

എന്നു പറഞ്ഞു ആശ്രിതവത്സലനായ ശിബിചക്രവർത്തി ഒരു തുലാസ്സുകൊണ്ടുവരുവാൻ ഭൃത്യന്മാരെ ആജ്ഞാപിച്ചു. അതു കൊണ്ടുവന്ന ഉടനെ പ്രാവിനെ അതിലെടുത്തുവെച്ചു സ്വശരീരത്തിൽനിന്നു മാംസം മുറിച്ചെടുത്തു തൂക്കിത്തുടങ്ങി. പ്രാവിന്നു വലുപ്പത്തിനൊത്ത ഘനമല്ല ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു രാജാവിന്റെ ദേഹത്തിൽനിന്നു മാംസം വളരെ മുറിച്ചെടുത്തിട്ടും പ്രാവിനോടു സമമായില്ല. മാംസം മുറിച്ചുമുറിച്ച് ഒടുവിൽ രാജകളേബരം അസ്ഥിമാത്രമായി ശേഷിച്ചു. എന്നിട്ടും പ്രാവു വളരെ ഘനം കൂടിയതായി കാണപ്പെട്ടു. അപ്പോൾ ശിബിചക്രവർത്തിതന്നെ തുലാസ്സിൽ കയറി ഇരുന്നു.

അംബരതലത്തിൽനിന്നു ദേവകൾ പുഷ്പവർഷം ചെയ്തു; ഗന്ധർവ്വന്മാരുടെ ദുന്ദുഭിധ്വാനം ദിക്കുകളിലെല്ലാം മുഴങ്ങി. പരുന്തിന്റേയും പ്രാവിന്റേയും വേഷംപൂണ്ടിരുന്ന ദേവന്മാർ ഇരുവരും സ്വസ്വരൂപം സ്വീകരിച്ചു. ശ്യേനരൂപം ധരിച്ചിരുന്ന ദേവരാജൻ ശിബിയോടു പറഞ്ഞു.

ഇന്ദ്രൻ — അല്ലയോ മഹാരാജാവേ, ഞാൻ ഇന്ദ്രനാണ്. കപോതരൂപം ധരിച്ചിരുന്ന ആ ദേവൻ അഗ്നിയുമാണ്. അങ്ങുന്നു ധർമ്മാധർമ്മങ്ങൾ നല്ലവണ്ണം അറിയുന്നവനാണെന്നു ഞങ്ങൾ മുമ്പുതന്നെ ധരിച്ചിട്ടുണ്ട്. അങ്ങ

യുടെ ധൎമ്മശ്രദ്ധ എത്രത്തോളമുണ്ടെന്നു പരീക്ഷിച്ചു നോക്കുവാനായിട്ടാന്നു ഞങ്ങൾ രണ്ടുപേരും പക്ഷിരൂപം ധരിച്ചു പുറപ്പെട്ടതു്. ആത്മശരീരത്തെ ഒരു ശ്യേനത്തിന്റെ ആഹാരാൎത്ഥം ദാനംചെയ്തു ശരണാഗതത്രാണം ചെയ്യാൻ ഒരുങ്ങിയ അങ്ങയുടെ ധൎമ്മനിഷ്ഠ അത്യാശ്ചൎയ്യകരംതന്നെ. ലോകം നിലനില്ക്കുന്നേടത്തോളംകാലം മനുഷ്യരെല്ലാവരും അങ്ങയുടെ ഈ ധൎമ്മനിഷ്ഠയെ പുകഴ്ത്തിപ്പാടും. അല്ലയോ ധൎമ്മാത്മൻ, അങ്ങുന്നു ധൎമ്മംകൊണ്ടു സമ്പാദിച്ച പുണ്യലോകത്തെ അനുഭവിപ്പാനായി വേഗം പുറപ്പെടുക.

ഇപ്രകാരം അരുളിച്ചെയ്തു ദേവരാജൻ സുഹൃത്തായ അഗ്നിയോടുകൂടി സ്വൎഗ്ഗത്തിലേയ്ക്കു പോയി. ശിബിചക്രവൎത്തിയും മനുഷ്യശരീരത്തോടുകൂടിത്തന്നെ ദിവ്യമായ വിമാനത്തിൽ കയറി പുണ്യാൎജ്ജിതമായ സ്വൎഗ്ഗസുഖം അനുഭവിപ്പാനായി അമരപതിയെ അനുഗമിച്ചു. യാഗം നടത്തിയിരുന്ന ബ്രാഹ്മണസത്തമന്മാരെല്ലാം അവരുടെ കൎമ്മശുദ്ധിയെപ്പോലും അതിശയിച്ച ശിബിയുടെ ധൎമ്മശ്രദ്ധയെ പ്രശംസിച്ചുകൊണ്ടു യഥാഗതം ഗമിച്ചു. അന്നുമുതൽ ശിബിചക്രവൎത്തിയുടെ പാവനവും പാപഹരവുമായ ചരിത്രത്തെ ലോകരെല്ലാം ഭക്തിപൂൎവ്വം പാരായണം ചെയ്തുതുടങ്ങുകയും ചെയ്തു.

## 4. ച്യവനന്റെ സ്നേഹം.

പണ്ടൊരിക്കൽ ച്യവനൻ എന്നു പേരായ ഒരു മഹൎഷി പന്തിരാണ്ടുകാലം ജലത്തിൽ വസിച്ചു തപസ്സു ചെയ്യണമെന്നു നിശ്ചയിച്ചു. യോഗാഭ്യാസത്തിന്റെ ബലംകൊണ്ടു ശ്വാസോച്ഛ്വാസങ്ങളെപ്പോലും ഇഷ്ടംപോലെ ഒതുക്കി നിൎത്തുവാൻ ശക്തനായിരുന്ന ആ മുനിപുംഗവൻ തപസ്സു നിൎവ്വിഘ്നമായി നടക്കുവാൻ ഈശ്വരനെ നല്ലവണ്ണം പ്രാൎത്ഥിച്ച്, ഗംഗാനദിയും യമുനാനദിയും കൂടിച്ചേരുന്ന ദിക്കിൽ താണു മുങ്ങി തപസ്സുതുടങ്ങി. ആദ്യത്തിൽ അദ്ദേഹത്തിന്നു പുഴകളുടെ ഒഴുക്കിന്റെ ശക്തി എളുപ്പത്തിൽ തടുക്കത്തക്കതല്ലെന്നു തോന്നിയെങ്കിലും ക്രമത്തിൽ അതിനേയും ജയിച്ചു വെള്ളത്തിന്നുള്ളിൽ ഇളകാതെ ഇരുന്നു തപസ്സു നടത്തുവാൻ സാധിച്ചു.

ച്യവനമുനി ഇങ്ങനെ ജലാന്തൎഭാഗത്തിൽ തപസ്സു തുടങ്ങിയപ്പോൾ അവിടെ ഉണ്ടായിരുന്ന മത്സ്യം മകരം മുതലായ ജന്തുക്കൾ അദ്ദേഹത്തെ പേടിച്ച് അകന്നുപോയി. എങ്കിലും, അദ്ദേഹം തങ്ങളെ ഹിംസിപ്പാൻ വന്നവനല്ലെന്നു കണ്ടപ്പോൾ അവയെല്ലാം വിശ്വാസത്തോടെ ആ യതിവൎയ്യന്റെ അടുത്തു ചെന്നു കൂടുകയും അദ്ദേഹത്തിന്റെ ചുററും സ്വൈരമായി സഞ്ചരിക്കുകയും ചെയ്തു. എന്നുമാത്രമല്ല, കുറേക്കാലം കഴിയുമ്പോഴക്കും അവയെല്ലാം സൎവ്വ പ്രാണികളുടേയും സുഹൃത്തായ ആ തപസ്വിയെ തങ്ങളിലൊരുവനെപ്പോലെ വിചാരിച്ചു സ്നേഹിക്കുകയുംകൂടി ചെയ്തുതുടങ്ങി. അദ്ദേഹം ഈശ്വരദ്ധ്യാനത്തിൽ ആണ്ടുമുങ്ങി ശിലപോലെ നിശ്ചലനായിരിക്കുന്ന

സമയങ്ങളിൽ അവ സ്നേഹംകൊണ്ടു് അദ്ദേഹത്തിന്റെ നാലുപുറത്തുംവന്നു കളിക്കുകയും ചിലപ്പോൾ ദേഹമാസകലം നക്കുകയും ചെയ്യിരുന്നു. ചിരകാലത്തെ സഹവാസം കൊണ്ടു ച്യവനനു് ആ ജന്തുക്കളുടെ പേരിലും അതിയായ സ്നേഹമുളവായിതീൎന്നു. അദ്ദേഹം അവയുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടിരുന്നു.

ഇങ്ങനെയിരിക്കുന്ന കാലത്തു് ഒരിക്കൽ ചില മുക്കുവന്മാർ മത്സ്യംപിടിക്കുവാനായി ആ പ്രദേശത്തു വന്നെത്തി. ഗംഗയും യമുനയും കൂടിച്ചേരുന്ന അഗാധമായ സ്ഥലത്തിൽ വലുപ്പമേറിയ മത്സ്യങ്ങൾ ധാരാളം ഉണ്ടാകുമെന്നു കരുതി അവർ അവിടത്തന്നെ വലവീശുവാൻ തീൎച്ചപ്പെടുത്തി. പുതിയ ചരടുകൊണ്ടു നെയ്യുണ്ടാക്കിയതും നല്ല ഉറപ്പുള്ളതുമായ അവരുടെ വലിയ വലയിൽ അനവധി മത്സ്യങ്ങളും മററു ജലജന്തുക്കളും അകപ്പെട്ടു. അങ്ങനെ അവർ മത്സ്യംപിടിച്ചുകൊണ്ടിരിക്കുന്നതിന്നിടയ്ക്കു് ഒരിക്കൽ വെള്ളത്തിൽനിന്നു വല വലിച്ചെടുത്തപ്പോൾ അതിൽ മത്സ്യപരിവൃതനായ ഒരു മനുഷ്യൻ അകപ്പെട്ടിട്ടുള്ളതായി അവർ കണ്ടു. പായൽപടൎന്നു പച്ചപിടിച്ച ശരീരവും നിണ്ടുനനഞ്ഞു തൂങ്ങിക്കിടക്കുന്ന തലമുടിയുമുള്ള ആ മുനിവരൻ സമാധിയിൽനിന്നുണരുന്ന ഭാവത്തോടെ കണ്ണു മിഴിക്കുന്നതു കണ്ടപ്പോൾ അദ്ദേഹം വെള്ളത്തിൽ തപസ്സു ചെയ്യുകൊണ്ടിരുന്ന ഒരു തപസ്വിയാണെന്നു് അവൎക്കു മനസ്സിലായി. ച്യവനമഹൎഷി ഗംഗാനദിയിൽതപസ്സുചെയ്യിരുന്നതായി കേട്ടറിഞ്ഞ അവരിൽ ചിലർ അദ്ദേഹത്തിന്റെ കാല്ക്കൽവീണു നമസ്കരിച്ചു വിനയപൂൎവ്വം പറഞ്ഞു.

മുക്കുവന്മാർ—അല്ലയോ മഹാമുനേ! ഞങ്ങൾ അറിയാതെ

ചെയ്തുപോയ തെററിനെ ക്ഷമിക്കേണമേ. ഇനി ഞങ്ങൾ എന്തുചെയ്യാലാണ് അവിടുത്തെ ഉപദ്രവിച്ചതുകൊണ്ടു ഞങ്ങൾക്കുണ്ടായിട്ടുള്ള പാപം പോവുക എന്നുള്ളതും ഉപദേശിച്ചു തരേണമേ. അവിടുത്തേയ്ക്കു ഞങ്ങളിൽ പ്രസാദമുണ്ടാവാൻ എന്തൊരു പ്രിയമാണ ഞങ്ങൾ ചെയ്യേണ്ടതെന്നും പറയണം.

കരയിൽ കയററിയിട്ടതുകൊണ്ടു ശ്വസിപ്പാൻപോലും കഴിയാതെ തുള്ളിച്ചാടിക്കൊണ്ടു മരണവേദന അനുഭവിക്കുന്ന മത്സ്യങ്ങളുടെ കഷ്ടസ്ഥിതി കണ്ടു കരുണാവിഷ്ടനായ ച്യവനൻ അവരുടെ അഭ്യർത്ഥനയ്ക്കു മറുവടിയായി ഇപ്രകാരം പറഞ്ഞു.

ച്യവനൻ—ഞാൻ ഈ മത്സ്യങ്ങളുടെ കൂടെ മരിക്കുവാനാണ് ഇഷ്ടപ്പെടുന്നതു്. ചിരകാലത്തെ സഹവാസംകൊണ്ടു സുഹൃത്തുക്കളായിത്തീർന്നിട്ടുള്ള ഇവയെ പിരിഞ്ഞു ജീവിച്ചിരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ച്യവനൻെറ ഈ വാക്കുകൾ കേട്ടു ഭയവിഹ്വലന്മാരായ മുക്കുവന്മാർ എന്തുചെയ്യണമെന്നറിയാതെ പരിഭ്രമിച്ചു് ആ നാട്ടിലെ രാജാവായ നഹുഷൻെറ അടുക്കൽ ചെന്നു നടന്ന സംഗതികളെല്ലാം ഉണർത്തിച്ചു. നഹുഷമഹാരാജാവു മഹർഷിയുടെ വർത്തമാനം കേട്ടു ചിന്താകുലനായി ദാശന്മാരുടെ ദുഷ്കൃത്യം നിമിത്തം ദുഃഖിതനായ ച്യവനനെ പ്രസാദിപ്പിക്കുവാനുള്ള ഉദ്ദേശത്തോടുകൂടി മന്ത്രി പുരോഹിത സഹിതനായി അദ്ദേഹത്തിൻെറ അടുക്കലേയ്ക്കു പുറപ്പെട്ടു. നദീതീരത്തിൽചെന്നു് അദ്ദേഹം ച്യവനനെ പ്രണമിച്ചു യഥാർഹം പൂജിച്ചു പ്രാഞ്ജലിയായി നിന്നുംകൊണ്ടു പറഞ്ഞു.

നഹുഷമഹാരാജാവു് — മഹൎഷേ, എന്റെ പ്രജകളായ ഈ മുക്കുവന്മാർ അറിഞ്ഞുകൂടാതെ അങ്ങയെ ഉപദ്രവിച്ചതിനെ അങ്ങുന്നു ക്ഷമിക്കണം. പ്രജകളുടെ പ്രവൃത്തിദോഷം രാജാവിന്നുകൂടി പാപപ്രദമാകയാൽ ഇവർ ചെയ്യ ഉപദ്രവത്തിന്നു പകരമായി എന്തെങ്കിലും ഒരു ഉപകാരം ചെയ്യാൽ കൊള്ളാമെന്നു് എനിക്കു ആഗ്രഹമുണ്ടു്. ഞാൻ എന്താണു ചെയ്യേണ്ടതു്?

ച്യവനൻ — രാജൻ, മത്സ്യജീവികളായ ഈ മുക്കുവന്മാർ വളരെ പണിപ്പെട്ടിട്ടാണു് എന്നേയും ഈ കാണുന്ന മത്സ്യങ്ങളേയും വലയിട്ടു പിടിച്ചതു്. ആ അവരുടെ പ്രയത്നം മുഴുവനും ഇപ്പോൾ നിഷ്ഫലമായി ചമഞ്ഞതിൽ എനിക്കു വലിയ വ്യസനമുണ്ടു്. അവരുടെ പ്രയത്നത്തിന്നു പ്രതിഫലമായി എന്റെയും മത്സ്യങ്ങളുടേയും ശരിയായ വില അവൎക്കു കൊടുക്കുക.

നഹുഷരാജാവു് ഉടനെ മന്ത്രിയെ വിളിച്ചു മഹൎഷിയുടെ വിലയായി മുക്കുവന്മാൎക്കു് ഒരായിരം പൊൻനാണ്യങ്ങൾ കൊടുപ്പാൻ കല്പിച്ചു. പക്ഷേ, ച്യവനമുനി ആയിരം ദീനാരങ്ങൾ കൊടുത്താൽ മതിയാകുന്നതല്ലെന്നു പറഞ്ഞു. അതുകേട്ടു രാജാവു് ഒരു ലക്ഷം പൊൻനാണ്യങ്ങൾ കൊടുപ്പാൻ ആജ്ഞാപിച്ചു. അപ്പോൾ മഹൎഷി അതും ശരിയായ വിലയായില്ലെന്നു് അറിയിച്ചു. അതിന്റെ ശേഷം നഹുഷൻ മന്ത്രിമാരോടുകൂടി ആലോചിച്ചു് ഒരു കോടി പണം കൊടുക്കുവാനുറച്ചു. അപ്പോൾ മഹൎഷി പറഞ്ഞു;

ച്യവനൻ — രാജാവെ, അതും ശരിയായ വിലയായില്ല. അങ്ങയുടെ നാട്ടിലുള്ള വിദ്വാന്മാരായ വിപ്രന്മാരോടു ചോദിക്കുക. എന്നാൽ ഒരുസമയം ഒരു മുനിയുടെ

മൂല്യം ഇന്നതാണെന്ന് അവർ പറഞ്ഞുതരും. അല്പജ്ഞന്മാരായ അമാത്യന്മാരുണ്ടോ അതെല്ലാം അറിയുന്നു.

രാജാവു ബ്രാഹ്മണരെ വിളിച്ചുവരുത്തി ചോദിച്ചു. രാജ്യത്തിൽ പകുതി മുക്കുവന്മാക്കു കൊടുത്താൽ മതിയാകുമെന്നായിരുന്നു അവർ അഭിപ്രായപ്പെട്ടതു്. അതനുസരിച്ചു അദ്ധരാജ്യം അവക്കു കൊടുപ്പാൻ നഹുഷൻ നിശ്ചയിച്ചു. അപ്പോൾ ച്യവനൻ പറഞ്ഞു.

ച്യവനൻ— രാജൻ, ബ്രാഹ്മണക്കും അറിഞ്ഞുകൂട. അങ്ങയുടെ ചെറിയ രാജ്യത്തിൻെറ പകുതിയെന്നല്ല അതു മുഴുവനും അവക്കു കൊടുക്കുന്നതായാൽകൂടി മതിയാകുന്നതല്ല. ഇനി ഋഷിമാരോടു ചോദിക്കുക.

മഹഷിയുടെ മൊഴികേട്ടു ചിന്താകുലനായിത്തീന്ന നരപതി സ്വപ്രതിജ്ഞയെ നിറവേററി മുക്കുവന്മാരെ രക്ഷിക്കുവാനുള്ള ത്വരയോടെ അടുത്തെങ്ങാനും ഋഷിജനങ്ങൾ വസിക്കുന്നുണ്ടോ എന്നന്വേഷിപ്പാനായി അമാത്യന്മാരോട്ട് ആജ്ഞാപിച്ചു. അപ്പോഴേക്കും ഗംഗാനദീതീരത്തിൽതന്നെ ഒരു ഋഷി തപസ്സുചെയ്യുംകൊണ്ടു താമസിക്കുന്നുണ്ടെന്നു് അദ്ദേഹത്തിന്നു് അറിവുകിട്ടി. അദ്ദേഹം താമസംകൂടാതെ ആ ഋഷിയുടെ അടുക്കൽ ചെന്നു വണക്കത്തോടുകൂടി വന്ദിച്ചു വിവരമെല്ലാം അറിയിച്ചു കൈകൾ കൂപ്പികൊണ്ടു കഥിച്ചു.

നഹുഷൻ— അല്ലയോ മുനിസത്തമ, മഹഷിയുടെ ശരിയായ മൂല്യം എന്തുതന്നെ ആയാലും ഞാൻ കൊടുപ്പാൻ ഒരുക്കമാണു്. അതു് ഇന്നതാണെന്നു് ഉപദേശിച്ചു പ്രതിജ്ഞാലംഘനംകൊണ്ടുണ്ടാവുന്ന പാപത്തിൽ നിന്നു

എന്നേയും ച്യവനമഹൎഷിയുടെ കോപത്തിൽനിന്നു മുക്കു വന്മാരേയും രക്ഷിക്കേണമേ.

രാജാവിന്റെ വിഷാദം കണ്ടു കൃപാപൂൎണ്ണഹൃദയനായിത്തീൎന്ന ആ തപസ്വി അദ്ദേഹത്തെ ആശ്വസിപ്പിച്ചുംകൊണ്ടു പറഞ്ഞു.

ഋഷി—ഭൂപതേ, അങ്ങുന്നു ലേശം വ്യസനിക്കേണ്ട. ബ്രാഹ്മണനു തുല്യമായ വസ്തു പശുവാണ്. അതുകൊണ്ടു പശുക്കളെ നല്കുന്നതായാൽ ച്യവനമുനി സമ്മതിക്കുകയും സന്തോഷിക്കുകയും ചെയ്യും.

തപോധനൻ ഇപ്രകാരം പറഞ്ഞതുകേട്ടു നഹുഷൻ വളരെ വിശേഷപ്പെട്ട ഗോക്കളേയുംകൊണ്ടു ച്യവനന്റെ സമീപത്തിലേയ്ക്കു ചെന്നു. അപ്പോൾ ച്യവനൻ രാജാവിന്റെ നേരെ നോക്കി പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു.

ച്യവനൻ—ഇപ്പോൾ ഒരു വിപ്രന്റെ ശരിയായ വില എന്താണെന്ന് അങ്ങേയ്ക്കു മനസ്സിലായി. ഗോവിനേക്കാൾ അധികം വിലപിടിച്ച വേറൊരു വസ്തു ലോകത്തിലില്ല. മൃഗങ്ങളിലെല്ലാററിലുംവെച്ച് ഏററവും ശാന്തസ്വഭാവങ്ങളായ പശുക്കൾ പാവനങ്ങളും പാപഹരങ്ങളുമാണ്. അവയെ പോഷിപ്പിച്ചു രക്ഷിക്കുന്നവൎക്കു അവ നിസ്തുലമായ സമ്പത്തിനേയും അക്ഷയ്യമായ ആരോഗ്യത്തേയും നല്കുന്നു. യാഗാദികൎമ്മങ്ങൾക്കുള്ള ഹോമദ്രവ്യം അവയിൽനിന്നു കിട്ടുന്നതുകൊണ്ട് അവ മനുഷ്യൎക്കു സ്വൎഗ്ഗത്തിലേയ്ക്കു കയറുവാനുള്ള കോണികളാണെന്നുംകൂടി പറയാറുണ്ട്. വാസ്തവം പറയുന്നതായാൽ ഗോക്കളുടെ മാഹാത്മ്യം വൎണ്ണിച്ചൊടുക്കാവുന്ന

തല്ല. ഒരൊററ പശുവിനെ അങ്ങുന്നു മുക്കുവന്മാൎക്കു കൊടുത്താൽ മതി. അധികം വേണമെന്നില്ല.

ഇതെല്ലാം വിനയപൂൎവ്വം കേട്ടുനിന്നിരുന്ന നഹുഷമഹാരാജാവു ലക്ഷണമൊത്ത ഒരു നല്ല പശുവിനെ ദാശന്മാൎക്കു ദാനംചെയ്തു. അവർ അതിനെ സ്വീകരിച്ചു മഹൎഷിയുടെ മുമ്പിൽ കൊണ്ടുപോയിനിൎത്തി കൈകൂപ്പിക്കൊണ്ടു പറഞ്ഞു.

മുക്കുവന്മാർ—ഭഗവൻ, ഞങ്ങളുടെ പൊതുസ്വത്തായ ഈ പശുവിനെ ഞങ്ങൾ അവിടുത്തേയ്ക്കു സമൎപ്പിച്ചുകൊള്ളുന്നു. അവിടുന്നു് ഇതു സദയം സ്വീകരിച്ചു ഞങ്ങളെ അനുഗ്രഹിക്കണം. അവിടുന്നു മത്സ്യങ്ങളോടു കാണിച്ച സ്നേഹം അത്യാദൃശംതന്നെ. അതുപോലെയുള്ള സ്നേഹം ഞങ്ങളിൽ ഉണ്ടാവാനും ഞങ്ങളുടെ അപരാധത്തെ ക്ഷമിക്കുവാനും പ്രാൎത്ഥിക്കുന്നു.

ച്യവനൻ—നിങ്ങളുടെ മത്സ്യഗ്രഹണംകൊണ്ടു് എനിക്കു് ഉണ്ടായ ഉപദ്രവം വളരെ നിസ്സാരമാണു്. എൻെറ നാലുഭാഗത്തും കിടന്നു പിടയ്ക്കുന്ന മത്സ്യങ്ങളുടെ കഷ്ടസ്ഥിതിയാണു് എൻെറ മനസ്സിനെ കുറച്ചൊന്നു ദുഃഖിപ്പിച്ചതു്. അതില്ലാതാക്കുവാനുള്ള ശക്തി എനിക്കുതന്നെ ഉള്ളതുകൊണ്ടു് അതും എനിക്കു വലുതായി തോന്നിയില്ല. അതുകൊണ്ടു നിങ്ങളാരും എന്നെ പീഡിപ്പിച്ചതിനെപ്പററി പശ്ചാത്തപിക്കേണ്ട. നിങ്ങളുടെ സന്തോഷത്തിന്നായി പശുവിനെ ഞാൻ പ്രീതിപൂൎവ്വം കൈക്കൊള്ളുന്നുണ്ടു്. എന്നല്ല, നിങ്ങളെ മനുഷ്യശരീരത്തോടുകൂടി മത്സ്യങ്ങളൊരുമിച്ചു സ്വൎഗ്ഗത്തിലേയ്ക്കു അയക്കുകയും ചെയ്യാം.

അല്പസമയത്തിന്നുള്ളിൽ ച്യവനമുനിയുടെ തപഃപ്രഭാവത്താൽ മുക്കുവന്മാരും മത്സ്യങ്ങളും സ്വർഗ്ഗലോകത്തേയ്ക്കു ഗമിച്ചു. അവർ മുനിയുടെ അനുഗ്രഹത്താൽ പുണ്യലോകം പ്രാപിച്ചതു കണ്ടുനിന്ന നഹുഷമഹാരാജാവു തനിക്കു ധമ്മത്തിൽ സ്ഥിരമായ ശ്രദ്ധയുണ്ടാവാൻ അനുഗ്രഹം നല്കണമെന്നു മുനിവര്യനോടു അഭ്യർത്ഥിക്കുകയും അദ്ദേഹം നല്കുകയും ചെയ്തു. മുനിപ്രസാദംകൊണ്ടു കൃതാർത്ഥതപൂണ്ട പ്രജാപാലകൻ സചിവസമേതനായി സ്വനഗരത്തിലേയ്ക്കു മടങ്ങി. ച്യവനൻെറ തപസ്സുതുടങ്ങിട്ടു് അപ്പോൾ പന്തിരാണ്ടുകാലം കഴിഞ്ഞിരുന്നതിനാൽ അദ്ദേഹം സ്വാശ്രമത്തിലേയ്ക്കു പുറപ്പെടുകയും ചെയ്തു.

## 5. പരീക്ഷത്തിൻെറ അവിവേകം.

ചന്ദ്രവംശത്തിൽ ജ്യേഷ്ഠാനുജന്മാരായി ജനിച്ച ധൃതരാഷ്ട്രൻ, പാണ്ഡു എന്നീ രണ്ടു രാജാക്കന്മാരുടെ സന്താനങ്ങളായ കൌരവന്മാക്കും പാണ്ഡവന്മാക്കും തമ്മിൽ കുരുക്ഷേത്രത്തിൽവെച്ചു പതിനെട്ടുദിവസം ഇടവിടാതെ ഉണ്ടായ ഭയങ്കരമായ ഭാരതയുദ്ധം അവസാനിച്ചതോടുകൂടി ധൃതരാഷ്ട്രരുടെ വംശം മുഴുവനും മുടിഞ്ഞുപോയി. പഞ്ചപാണ്ഡവന്മാക്കു പതിനൊന്നു പുത്രന്മാർ ഉണ്ടായിരുന്നതിൽ അജ്ജുനന്നു കൃഷ്ണഭഗിനിയായ സുഭദ്ര പെററുണ്ടായ പുത്രനായിരുന്നു ബാലവീരനായ അഭിമന്യു. പൌരവംശത്തിൻെറയും യാദവവംശത്തിൻേറയുംസന്താനമായ ആ അജ്ജുനപുത്രന്നു് ഉത്തരയിൽ ജനിച്ച ഏകപുത്രനായ പരീക്ഷ

ത്തിനെ രാജാവായി അഭിഷേകം ചെയ്തിട്ടായിരുന്നു പാണ്ഡവന്മാർ പാഞ്ചാലിയോടുകൂടി മഹാപ്രസ്ഥാനം അനുഷ്ഠിച്ചതു്.

പരീക്ഷത്തു മഹാരാജാവിന്നു നായാട്ടിൽ അതിരുകവിഞ്ഞ ആസക്തി ഉണ്ടായിരുന്നു. അദ്ദേഹം പലപ്പോഴും കാട്ടിൽ പോയി കലമാൻ, പന്നി മുതലായ മൃഗങ്ങളെ കൊന്നൊടുക്കിക്കൊണ്ടു പാക്കുന്നതു പതിവായിരുന്നു. അദ്ദേഹത്തിൻെറ അമ്പേററ ഏതൊരു മൃഗവും ജീവനോടുകൂടി ഓടിപ്പോയതായി ഒരിക്കലും കണ്ടിട്ടില്ല.

ഒരുനാൾ അദ്ദേഹത്തിൻെറ അമ്പുകൊണ്ടു മുറിയേററ ഒരു മാൻ ഉടനെ ചത്തുവീഴാതെ ഓടിപ്പോയ്ക്കളഞ്ഞു. പരീക്ഷത്തു പതിവില്ലാത്ത ആ കാഴ്ച കണ്ടാശ്ചയ്യപ്പെട്ടുകൊണ്ടു് അതിനെ പിന്തുടന്നു. പ്രാണനെ കൊതിച്ചു പൊന്തകളിൽകൂടി കുതിച്ചുപായുന്ന മാനിനെ രണ്ടാമതും അമ്പെയ്തു വീഴ്ത്തുവാൻ രാജാവിന്നു കഴിഞ്ഞില്ല. എങ്കിലും അദ്ദേഹം ധനുഷ്പാണിയായി മാനിൻെറ പിന്നാലെ ഓടിക്കൊണ്ടിരിക്കെ മരണഭയംകൊണ്ടു് ഓടുന്ന ആ മൃഗം പെട്ടെന്നു മരങ്ങളുടെ ഇടയിൽ മറഞ്ഞുകാണാതായി. രാജാവു പിന്നേയും അതിനെ തിരഞ്ഞുകൊണ്ടു് അങ്ങുമിങ്ങും നടന്നുകൊണ്ടിരിക്കുമ്പോൾ നിമീലിതനേത്രനായി സമാധിയിലിരിക്കുന്ന ശമീകമഹഷിയെ കണ്ടെത്തി.

മൃഗയാരസത്തിൽ മഗ്നമാനസനായിരുന്ന മഹീപതി മുനിയെ വന്ദിക്കകപോലും ചെയ്യാതെ അദ്ദേഹത്തിനോടു ചോദിച്ചു:—ഹേ, തപസ്വിൻ, എൻെറ അമ്പുതറച്ചു് ഓടിപ്പോയ ഒരു മാനിനെ കാണ്മാനില്ല. അങ്ങുന്നു കാണുകയുണ്ടായോ? മൌനവ്രതം ധരിക്കൊണ്ടിരുന്ന ശമീകൻ

രാജാവിൻെറ ചോദ്യം കേട്ടുവെങ്കിലും അതിന്നു മറുവടി ഒന്നും പറഞ്ഞില്ല. ക്ഷുത്തുകൊണ്ടും ക്ഷീണംകൊണ്ടും അശക്തനായിത്തീൎന്നിരുന്ന നൃപൻ അക്ഷമയോടെ വീണ്ടും ചോദിച്ചു. ഹേ മുനേ, അങ്ങയോടാണു ചോദിക്കുന്നതു്. ഞാൻ അഭിമന്യുവിൻെറ പുത്രനായ പരീക്ഷത്താണു്. ഞാൻ അമ്പെയ്തു മുറിയേല്പിച്ച മാനിനെ കാണാതെ തിരഞ്ഞു നടക്കുകയാണു്. അതു് ഈ വഴിക്കു് എങ്ങാനും പോകുന്നതു് അങ്ങുന്നു കണ്ടുവോ? കണ്ണുമടച്ചു് ഈശ്വരദ്ധ്യാനത്തിൽ മുങ്ങിയിരിക്കുന്ന മുനി മാൻ ചാടിപ്പോകുന്നതു കണ്ടിരിപ്പാനിടയില്ലെന്നു രാജാവിന്നു് ഊഹിക്കാമെന്നിരിക്കെ അതൊന്നും ആലോചിക്കാതെ അദ്ദേഹം രണ്ടാമതും ചോദിച്ചതു നായാട്ടിലുള്ള ഭ്രാന്തുകൊണ്ടു മതിമറന്നിട്ടാണെന്നു ശമീകന്നു മനസ്സിലാകാതിരുന്നില്ല. എങ്കിലും അദ്ദേഹം തൻെറ മൌനവ്രതത്തിന്നു ഭംഗം വരുത്തിയില്ല.

മഹൎഷി മിണ്ടാതിരിക്കുന്നതുകണ്ടു കുപിതനായ പരീക്ഷത്തു് അവിടെയരികത്തു ചത്തുകിടന്നിരുന്ന ഒരു പാമ്പിനെ വില്ലുകൊണ്ടു വലിച്ചെടുത്തു് അദ്ദേഹത്തിൻെറ കഴുത്തിലിട്ടു. അപ്പോഴും മുനി ഒരക്ഷരംപോലും ഉരിയാടിയില്ല. അതു കണ്ടപ്പോൾ രാജാവിൻെറ ക്രോധം തീരെ നശിച്ചുപോയി. അദ്ദേഹം ഉള്ളിൽ തട്ടിയ പശ്ചാത്താപത്തോടെ രാജധാനിയിലേയ്ക്കു മടങ്ങി. ശാന്തചിത്തനായ ശമീകൻ പരീക്ഷത്തിൻെറ അപരാധത്തെ ക്ഷമിച്ചതേയുള്ളു.

ശമീകമഹൎഷിക്കു ശൃംഗി എന്നു പേരായ ഒരു പുത്രൻ ഉണ്ടായിരുന്നു. അദ്ദേഹം ചെറുപ്പത്തിൽതന്നെ അസാധാരണമായ തപോബലം സമ്പാദിച്ചവനായിരുന്നുവെ

ങ്കിലും വളരെ കോപമുള്ളവനായിരുന്നു. അദ്ദേഹത്തിൻെറ ശാപാലനന്നു ദഹിപ്പാൻ കഴിയാത്തതായി ഒരു പദാ ൎത്ഥവും ലോകത്തിൽ ഉണ്ടായിരുന്നില്ല.

പരീക്ഷിത്തു ശമീകകണ്ഠത്തിൽ സൎപ്പശവത്തെ വലി ച്ചിട്ട സമയത്തു ശൃംഗി അവിടെ ഉണ്ടായിരുന്നില്ല. കൃശൻ എന്നു പേരായ മറെറാരു ഋഷികുമാരനായിരുന്നു ആ വൎത്ത മാനം ശൃംഗിയെ അറിയിച്ചതു്. കൃശൻ സ്വസഖാവായ ശൃംഗിയെ പരിഹസിച്ചുംകൊണ്ടു പറഞ്ഞു.

കൃശൻ—ശൃംഗി, താൻ വലിയ തപസ്വിയാണെന്നും തേജസ്വിയാണെന്നും മററും മേനി പറയാറുണ്ടല്ലോ. തൻെറ അച്ഛൻ അതാ ഒരു ചത്ത പാമ്പിനെ കഴു ത്തിൽ മാലയിട്ടുകൊണ്ടിരിക്കുന്നതു കണ്ടില്ലേ? ഇപ്പോൾ തൻെറ തപശ്ശക്തിയെല്ലാം എവിടെപ്പോയി? തപോധ നന്മാർ ഈ മാതിരിയുള്ള അകൃത്യത്തെ സഹിച്ചിരിക്ക യാണോ വേണ്ടതു്? കഷ്ടം! ശൃംഗി, തൻെറ അച്ഛൻ ചത്ത പെരുമ്പാമ്പിനെ ചുമന്നുകൊണ്ടിരിക്കുന്നതു കാണുമ്പോൾ എനിക്കുംകൂടി വ്യസനം തോന്നുന്നു.

ഇങ്ങനെ തുരുതുരെ പൊഴിച്ച പരിഹാസമൊഴികേട്ട പ്പോൾ ശൃംഗിക്കു് ഒതുക്കിയാലൊതുങ്ങാത്ത കോപം ഉണ്ടാ യെങ്കിലും വിവരം മുഴുവനും മനസ്സിലാകാത്തതുകൊണ്ടു് അദ്ദേഹം ക്ഷമയോടെ ചോദിച്ചു.

ശൃംഗി—എങ്ങനെയാണു കൃശ, എൻെറ അച്ഛൻെറ കഴു ത്തിൽ പാമ്പിൻെറ ശവം വന്നതു്?

കൃശൻ—അതോ? നായാട്ടിന്നു വന്നിരുന്ന പരീക്ഷിത്തുമ ഹാരാജാവു എടുത്തിട്ടിട്ടു്.

ശൃംഗി — രാജാവ് അപ്രകാരം ചെയ്യാൻ തക്കവണ്ണം അച്ഛൻ എന്താണ് അദ്ദേഹത്തിനോടനിഷ്ടം പ്രവൎത്തിച്ചതു്?

കൃശൻ — ഒന്നും ചെയ്തില്ല. അമ്പുകൊണ്ടു മുറിയേററ് ഓടിയിരുന്ന ഒരു മാനിനെ കാണാതായി. അതിനെ കണ്ടുവോ എന്നു രാജാവു പല പ്രാവശ്യം ചോദിച്ചിട്ടും ശമീകൻ ഒന്നും മറുവടി പറഞ്ഞില്ല. അപ്പോഠം രാജാവു കോപിച്ചു മൃതസൎപ്പത്തെ കഴുത്തിലെടുത്തിട്ടു വന്നവഴിക്കുപോയി.

ശൃംഗി — അങ്ങനെയാണൊ? എന്നാൽ ആ ദുരാത്മാവ് എൻെറ തപോബലം കണ്ടുകൊള്ളട്ടെ.

ഇത്രമാത്രം പറഞ്ഞു കത്തിജ്വലിക്കുന്ന കട്ടംകോപത്തോടുകൂടി ശൃംഗി ശപിച്ചു:— "എൻെറ പിതാവിൻെറ കണ്ഠത്തിൽ മൃതസൎപ്പത്തെ നിക്ഷേപിച്ച പാപി ഇന്നുമുതൽ ഏഴു ദിവസത്തിനുള്ളിൽ തക്ഷകൻ കടിച്ചു മരിക്കട്ടെ."

ഇപ്രകാരം ശപിച്ചു ശൃംഗി പിതൃസമീപത്തിലേയ്ക്കു വേഗത്തിൽ നടന്നു. ശമീകൻെറ കഴുത്തിൽ അപ്പോഴും പാമ്പിൻശവം കിടക്കുന്നുണ്ടായിരുന്നു. അതുകണ്ടു ശൃംഗി ദുഃഖിച്ചു കണ്ണീർവാൎത്തു കരഞ്ഞുംകൊണ്ടു് അച്ഛനോടു പറഞ്ഞു.

ശൃംഗി:— ദുഷ്ടനായ പരീക്ഷത്തു് അച്ഛനെ ഇങ്ങനെ അപമാനിച്ച വൎത്തമാനം കേട്ട ഉടനെതന്നെ ഞാൻ അവനെ ശപിക്കുക കഴിഞ്ഞു. ചന്ദ്രകുലത്തിൻെറ കീൎത്തിയെ കളങ്കപ്പെടുത്തിയ ആ നൃപാധമനെ ഏഴു ദിവസ

ത്തിനുള്ളിൽ തക്ഷകൻ കടിച്ചു യമപുരിയിൽ ലക്ഷ്യ അയക്കും.

ശമീകൻ—പുത്രാ, നീ പരീക്ഷത്തിനെ അപ്രകാരം ശപിച്ചതു് ഒട്ടും നന്നായില്ല. അദ്ദേഹം നമ്മേയും നമ്മുടെ ധൎമ്മകൎമ്മങ്ങളേയും കാത്തുരക്ഷിക്കുന്ന രാജാവല്ലേ? അദ്ദേഹം വല്ല അപരാധവും ചെയ്താൽതന്നെ നാം അതിനെ ക്ഷമിക്കുകയല്ലേ വേണ്ടതു്? നാട്ടിന്റെ നന്മയ്ക്കു കാരണമായ നൃപൻ നശിച്ചാൽ പിന്നെ നാട്ടുകാർ എങ്ങനെ നന്നാവും? നീതിന്യായങ്ങൾ എങ്ങനെ നിലനില്ക്കും? ഇതൊന്നും ആലോചിച്ചുനോക്കാതെ നീ ഇത്ര കഠിനമായി ശപിച്ചതു വളരെ കഷ്ടമായിപ്പോയി. വാൎദ്ധക്യത്തിൽ, വഴിനടന്നിട്ടുള്ള ക്ഷീണംകൊണ്ടും വിശപ്പുകൊണ്ടും വലഞ്ഞിരുന്ന അദ്ദേഹം ഞാൻ മൌനവ്രതം സ്വീകരിച്ചിരുന്ന വൎത്തമാനം അറിയാത്തതുകൊണ്ടാണു് അപ്രകാരം ഒരു അവിവേകം ചെയ്തുപോയതു്. അതിന്നു് ഇത്ര ഘോരമായ ശാപം നല്കിയതു നന്നായില്ല.

ഇങ്ങനെ പറഞ്ഞു രാജാവിന്റെ നേരെയുള്ള കോപംകൊണ്ടു തപസ്വിധൎമ്മം വിസ്മരിച്ച ബാലപുത്രനോടു ക്ഷമ ശീലിപ്പാൻ ഉപദേശിച്ചുംകൊണ്ടു ശമീകൻ ശാപവൃത്താന്തം രാജാവിനെ അറിയിപ്പാനായി ഗൌരമുഖൻ എന്നു പേരായ ഒരു ശിഷ്യനെ പരിക്ഷത്തിന്റെ രാജധാനിയിലേയ്ക്കു് അയച്ചു.

ഗൌരമുഖൻ അതിവേഗത്തിൽ രാജധാനിയിൽ ചെന്നു ശൃംഗിയുടെ ശാപത്തിന്റെ വിവരം മുഴുവനും പരീക്ഷത്തിനെ അറിയിച്ചു. അപ്പോൾ രാജാവിന്റെ പശ്ചാ-

ത്താപം വളരെ അധികം വർദ്ധിച്ചു. തനിക്ക് അകാലമരണം അടുത്തതുകൊണ്ടല്ല അദ്ദേഹം ദുഃഖിച്ചതു്. മുനിയുടെ മൌനത്തെപ്പററി ആലോചിച്ചപ്പോഠം അദ്ദേഹം ചെയ്ത കുററത്തിൻെറ കടുപ്പം മുഴുവനും മനസ്സിലായി. തന്നെ ഉപദ്രവിച്ചിട്ടുംകൂടി പ്രതിക്രിയ ചെയ്യുവാൻ ഒരുങ്ങാത്ത ശമീകൻെറ ക്ഷമയും ദയയും വിചാരിച്ചുനോക്കിയപ്പോഠം പരീക്ഷത്തിൻെറ പശ്ചാത്താപത്തിന്നു അതിരില്ലാതായി.

ശാപസന്ദേശം വഹിച്ചുവന്ന ശമീകശിഷ്യൻ മടങ്ങിയശേഷം ശോകതപ്തനായ രാജാവു മന്ത്രിമാരെ വിളിച്ചുവരുത്തി താൻചെയ്ത പാപത്തേയും ശൃംഗി നല്കിയ ശാപത്തേയും അവരോടു് അറിയിച്ചു. മുനിപുത്രൻെറ ശാപം അനിവാൎയ്യമായിത്തീരുന്നേയ്ക്കാമെങ്കിലും അതിനെ തടുപ്പാൻ പുരുഷപ്രയത്നംകൊണ്ടു കഴിയുന്നതെല്ലാം ചെയ്തു നോക്കണമെന്നു മന്ത്രിമാർ തീൎച്ചപ്പെടുത്തി. അവർ ഒരൊററ കരിങ്കല്ലുകൊണ്ടു വലിയൊരു സ്തംഭമുണ്ടാക്കി അതിൻെറ മുകളിൽ സുരക്ഷിതമായി ചെറിയൊരു മാളിക പണിയിച്ചു രാജാവിനെ അതിൽ പാൎപ്പിച്ചു. മന്ത്രസിദ്ധിയും ഔഷധ ജ്ഞാനവും തികഞ്ഞ അനേകം വിഷവൈദ്യന്മാരെ ചികിത്സയ്ക്കു വേണ്ടുന്ന ഉപകരണങ്ങളോടുകൂടി ആ മാളികയുടെ സമീപത്തിൽതന്നെ താമസിപ്പിച്ചു.

സചിവന്മാർ ശാപഫലത്തെ പരിഹരിപ്പാനുള്ള ഉപായങ്ങഠം പലതും ചെയ്തുവെങ്കിലും പരീക്ഷത്തു് അതിനെ പ്രതീക്ഷിച്ചുകൊണ്ടുതന്നെയാണിരുന്നതു്. പാപബോധംകൊണ്ടും പശ്ചാത്താപംകൊണ്ടും ജീവിതത്തിൽ വൈരാഗ്യം ജനിച്ചു് അദ്ദേഹം രാജ്യഭാരമെല്ലാം മന്ത്രിജനത്തെ

ഏല്പിച്ച് ഇഹലോക ചിന്തകൾ വെടിഞ്ഞ് ഈശ്വര ധ്യാനത്തിൽ ആസക്തചിത്തനായിത്തീൎന്നു. അദ്ദേഹം അനശനവ്രതം സ്വീകരിച്ച് ആത്മതത്വവിചിന്തനത്തിൽ പ്രവേശിച്ചു. തപോബലംകൊണ്ടു പാപങ്ങളെ ക്ഷയിപ്പിച്ചു യോഗശക്തികൊണ്ടു ലോകതത്വം ഗ്രഹിച്ചിട്ടുള്ള അനേകം ഋഷിമാർ അദ്ദേഹത്തിന്ന് ഉപദേശം നല്കുവാനായി വന്നുചേൎന്നു. അവരുടെ കൂട്ടത്തിൽ വ്യാസപുത്രനും ആജന്മമുക്തനുമായ ശുകബ്രഹ്മൎഷിയും ഉണ്ടായിരുന്നു. അദ്ദേഹം വിരക്തനായ പരീക്ഷത്തിന്നു കൃഷ്ണാവതാരത്തിൽ ഭഗവാൻ ചെയ്ത ലീലകളെയെല്ലാം ഓരോന്നായി വൎണ്ണിച്ചു കേൾപ്പിച്ചു. ഭഗവല്ലീലകൾ കേൾക്കുന്തോറും രാജാവിന്നു ഭക്തി വൎദ്ധിച്ചുവന്നു. ഒടുവിൽ അദ്ദേഹം മറ്റെല്ലാം മറന്നു, അനശനംകൊണ്ടുള്ള ക്ഷീണംപോലും അറിയാതെ രാവും പകലും ഇടവിടാതെ മധുരമായമൊഴിയിൽ മഹൎഷി അരുളിച്ചെയ്തിരുന്ന ഭഗവന്മാഹാത്മ്യം കേട്ടുംകൊണ്ടിരുന്നു.

ഇങ്ങിനെ ആറുദിവസം കഴിഞ്ഞു ഏഴാമത്തെദിവസം ഉദിച്ചതോടുകൂടി പാതാളലോകത്തിൽ പാൎക്കുന്ന പന്നഗരാജാവായ തക്ഷകൻ, ശൃംഗിയുടെ തപോബലത്താൽ പ്രേരിപ്പിക്കപ്പെട്ടു, ഭൂലോകത്തിലേക്കു പുറപ്പെട്ടു. സുരക്ഷിതമായ പ്രാസാദത്തിൽ ഇരിക്കുന്ന പരീക്ഷത്തിന്റെ സമീപത്തിലേക്ക് എങ്ങിനെയാണു കടന്നുചെല്ലേണ്ടതെന്ന് ആലോചിച്ചുംകൊണ്ട് അവൻ രാജധാനിയിലേക്കു പോകുമ്പോൾ വഴിക്കു വിഷവൈദ്യന്മാരിൽ അഗ്രഗണ്യനായ കാശ്യപനെ കണ്ടെത്തി. അത്യുഗ്രമായ വിഷബാധയെപ്പോലും എളുപ്പത്തിൽ ചികിത്സിച്ചു സുഖപ്പെടുത്തുവാൻ കഴിവുള്ള കാശ്യപൻ തന്റെ ഉദ്യമത്തിൽ വല്ല

വിഘ്നവും ഉണ്ടാകുമോ എന്നു ഭയപ്പെട്ട തക്ഷകൻ ഒരു വൃദ്ധബ്രാഹ്മണൻെറ വേഷംധരിച്ച് അദ്ദേഹത്തിൻെറ അടുക്കൽചെന്നു ചോദിച്ചു.

വൃദ്ധബ്രാഹ്മണൻ— അല്ലേ, ബ്രാഹ്മണ, അങ്ങുന്ന് എങ്ങോട്ടാണു പോകുന്നതു്?

കാശ്യപൻ— ഇന്നു മുനിശാപം മൂലം തക്ഷകൻ നമ്മുടെ പരീക്ഷത്തു മഹാരാജാവിനെ കടിച്ചുകൊല്ലുവാൻ വരുന്നുണ്ടത്രേ. ഞാൻ മന്ത്രൌഷധങ്ങളെക്കൊണ്ട് അദ്ദേഹത്തെ ചികിത്സിച്ചുസുഖപ്പെടുത്തുവാനാണുപോകുന്നതു്.

വൃദ്ധബ്രാഹ്മണൻ—എന്നാൽ അങ്ങുന്നു മടങ്ങിപ്പോകുന്നതാണു നല്ലതു്. തക്ഷകൻ കടിച്ചാൽ വിഷം ഇറക്കുവാൻ അങ്ങേക്കു കഴികയില്ല.

കാശ്യപൻ— ആരാണു പറഞ്ഞതു്? എനിക്കു കഴിയുമോ ഇല്ലയോ എന്നുള്ളതു് എൻെറകൂടെ കോവിലകത്തേക്കു വന്നാൽ കാണിച്ചുതരാം.

വൃദ്ധബ്രാഹ്മണൻ— കോവിലകത്തേക്കു പോകുന്നതെന്തിനാണു്? ഇവിടെവെച്ചുതന്നെ നോക്കാമെല്ലോ. കാശ്യപ, ഞാൻതന്നെയാണു് തക്ഷകൻ. ഞാൻ കടിച്ചാൽ വിഷം ഇറക്കുവാൻ അങ്ങേക്കു ശക്തിയുണ്ടെങ്കിൽ അതൊന്നുകാണട്ടേ. ഞാൻ ഈ നില്ക്കുന്ന വൃക്ഷത്തെ ദംശിച്ചു വിഷശക്തികൊണ്ടു ദഹിപ്പിക്കാം. അങ്ങുന്നു അതിനെ വിഷബാധയിൽനിന്നു രക്ഷിക്കുക.

കാശ്യപൻ—ഓ ഹോ, അങ്ങനെതന്നെയാവാം. എനിക്കു സുഖപ്പെടുത്തുവാൻ സാധിക്കാത്ത ഒരു വിഷബാധയുണ്ടെങ്കിൽ അതും ഒന്നു കാണാമല്ലോ.

തക്ഷകൻ ഉടനെ അടുക്കെ നിന്നിരുന്ന ഒരു ആൽമരത്തെ തന്റെ വിഷപ്പല്ലുകൾകൊണ്ടു കടിച്ചു. ആ മരം ഒരു നിമിഷത്തിനുള്ളിൽ വിഷശക്തികൊണ്ടു വെന്തുവെണ്ണീറായി. കാശ്യപൻ വെണ്ണീറ മുഴുവനും ഒന്നിച്ചുകൂട്ടി വിഷഹരങ്ങളായ മന്ത്രങ്ങൾ ജപിക്കുകയും ഔഷധങ്ങൾ പ്രയോഗിക്കുകയും ചെയ്തു. കുറച്ചുനേരം കഴിഞ്ഞപ്പോഴെയ്ക്കും വെണ്ണീറിൽനിന്നു വീണ്ടും ഒരു ആൽമരം മുളച്ചുവന്നു. അല്പസമയംകൊണ്ടു് അതു വളൎന്നു മുമ്പിലത്തെപ്പോലെയായിത്തീൎന്നു. അതുകണ്ടു് ആശ്ചൎയ്യംപൂണ്ടു തക്ഷകൻ കാശ്യപനോടു ചോദിച്ചു.

തക്ഷകൻ—അല്ലേ കാശ്യപ, രാജാവിനെ രക്ഷിക്കുന്നതുകൊണ്ടു് എന്തൊരു കാൎയ്യലാഭമാണു് അങ്ങുന്നു് ആഗ്രഹിക്കുന്നതു്?

കാശ്യപൻ—രാജാവിനെ രക്ഷിച്ചാൽ അളവററ ധനം കിട്ടും.

തക്ഷകൻ—അങ്ങെയ്ക്കു് ആവശ്യമുള്ളേടത്തോളം ധനം ഞാൻ തരാം. എന്നാൽ അങ്ങുന്നു തിരിച്ചുപോകുമോ?

കാശ്യപൻ കുറച്ചൊന്നാലോചിച്ചു. വിപ്രശാപമേററ പരീക്ഷത്തിനെ പുനരുജ്ജീവിപ്പിക്കുന്ന കാൎയ്യം മരം മുളപ്പിച്ചതുപോലെ അത്ര എളുപ്പമല്ലെന്നു് അദ്ദേഹത്തിന്നു തോന്നി. അതിനാൽ അദ്ദേഹം തക്ഷകൻ കൊടുക്കുന്ന പണം വാങ്ങി മടങ്ങിപ്പോകുവാൻതന്നെ തീൎച്ചപ്പെടുത്തി.

കാശ്യപൻ മടങ്ങിപ്പോയതോടുകൂടി തക്ഷകന്റെ ഭയം നീങ്ങി. എങ്കിലും അവന്റെ കാൎയ്യസിദ്ധി അത്ര എളുപ്പമുള്ളതായിരുന്നില്ല. തക്ഷകൻ ജനങ്ങൾ ആരും അറിയാതെ രാജസമീപത്തിലേയ്ക്കു കടന്നുചെല്ലുവാനുള്ള

ഉപായം എന്താണെന്നു പിന്നേയും ആലോചിച്ചു തുടങ്ങി. ഒടുവിൽ അവൻ ഒരുപായം കണ്ടുപിടിച്ചു. സഖാക്കളായ സപ്പങ്ങളിൽ ചിലരെ വിളിച്ച് അവരോടു പറഞ്ഞു.

തക്ഷകൻ—നിങ്ങളെല്ലാവരും താപസവേഷം ധരിച്ചു രാജാവിന്നു കുറേ പഴങ്ങൾ കൊണ്ടുപോയി കൊടുക്കുക. എന്നാൽ രാജാവ് അതു സ്വീകരിച്ചു ഭക്ഷിക്കാതിരിക്കയില്ല. ഞാൻ ഒരു കൃമിയുടെ വേഷം പൂണ്ട് ഒരു പഴത്തിൻെറ ഉള്ളിൽ ഇരുന്നുകൊള്ളാം.

ഈ ഉപായം നല്ലതാണെന്ന് അവർ അഭിപ്രായപ്പെടുകയും നാഗരാജൻ പറഞ്ഞപ്രകാരം പ്രവത്തിപ്പാൻ അവർ ഒരുങ്ങുകയും ചെയ്തു. തക്ഷകൻ അവരോടുകൂടി താമസിക്കാതെ രാജധാനിയിലേയ്ക്കു നടകൊണ്ടു.

പരീക്ഷത്തുമഹാരാജാവിൻെറ ജീവിതത്തിൻെറ അവസാനദിനമായ അന്ന് ആദിത്യൻ അസ്തമിച്ചതോടുകൂടി ശുകബ്രഹ്മഷി രാജാവിന്ന് ഉപദേശിച്ചിരുന്ന ഭാഗവതം അവസാനിച്ചു. അപ്പോഴയ്ക്കും ചില താപസന്മാർ രാജസമീപത്തിൽ ചെന്നു വന്യങ്ങളായ ഫലങ്ങളെ അദ്ദേഹത്തിന്നു കാഴ്ചവെച്ചു. രാജാവ് അവയെ സ്വീകരിച്ച് അരികത്തിരുന്നിരുന്ന മുനിജനങ്ങൾക്കും മന്ത്രിമാക്കും ഓരോന്ന് എടുത്തുകൊടുത്ത് ഇപ്രകാരം പറഞ്ഞു:— "അല്ലയോ ഋഷിവയ്യന്മാരെ, മുനിപുത്രൻ വിധിച്ച ശാപത്തിൻെറ കാലം കഴിഞ്ഞുകൂട്ടത്തിലായി. ഭഗവൽക്കഥയും അവസാനിച്ചല്ലോ. അതുകൊണ്ടു ഞാൻ ഇനിയും അനശനവ്രതം അനുഷ്ഠിക്കുന്നതു് അത്യാവശ്യമല്ല. അവസരജ്ഞ

ന്മാരായ താപസന്മാർ നല്കിയ ഈ ഫലങ്ങളിൽ ഓരോന്നു നമുക്കു ഭക്ഷിക്കുക."

ഇങ്ങനെ പറഞ്ഞു രാജാവും തനിക്കു തിന്മാനായ ഒരു പഴം കയ്യിൽ എടുത്തു് ആ ഫലം ഖണ്ഡിച്ചപ്പോൾ അതിന്റെ ഉള്ളിൽനിന്നു കറുത്തു നിളംകുറഞ്ഞ ചെറിയൊരു പുഴു പുറത്തേയ്ക്കു ചാടി. അതിനെ രാജാവു കൈയിലെടുത്തു് അമാത്യന്മാരോടുപറഞ്ഞു:—"ഈ പുഴു എന്നെ കടിച്ചുകൊള്ളട്ടേ. എന്നാൽ വിപ്രശാപം തീരെ അനൃതമാകാതെ കഴിയുകയും ചെയ്യും. ഈ കൃമി കടിക്കുന്നതുകൊണ്ടു് എനിക്കു മരണം നേരിടുകയുമില്ല."

ഇത്രത്തോളം പറയുമ്പോഴയ്ക്കും പരീക്ഷിത്തിന്റെ പാണിതലത്തിലുണ്ടായിരുന്ന പുഴു കാളകൂടഗരളം വമിക്കുന്ന ഒരു മഹാസർപ്പമായി പരിണമിച്ചു ഭയങ്കരമാകുംവണ്ണം ചീററിക്കൊണ്ടു രാജാവിന്റെ ശരീരംമുഴുവനും ചുററി വരിയുക കഴിഞ്ഞു. അതിന്റെ ഭീഷണരൂപവും വിഷജ്വാലയും കണ്ടു ഭയപ്പെട്ട അമാത്യന്മാരും മുനിജനങ്ങളും അതു തക്ഷകനാണെന്നറിഞ്ഞു് അകന്നുപോയി. ശൃംഗിയുടെ ശാപാഗ്നികൊണ്ടു സന്തപ്തനായിരുന്ന പരീക്ഷിത്തു തക്ഷകന്റെ വിഷാനലനാൽ വേഗത്തിൽ ദഹിപ്പിക്കപ്പെട്ടു.

അവിവേകം നിമിത്തം രാജാവിനു സംഭവിച്ച അകാലമരണത്തെപ്പററി അനുശോചിച്ചുംകൊണ്ടു സചിവന്മാരും പ്രജകളുംകൂടി അദ്ദേഹത്തിന്റെ പുത്രനായ ജനമേജയനെ രാജാവായി അഭിഷേകം ചെയ്യുകയും ചെയ്തു.

## 6. ഗൌതമന്റെ കൃതഘ്നത.

പണ്ടൊരിക്കൽ ഭാരതവഷത്തിന്റെ നടുനാട്ടുകളിലൊന്നിൽ ഗൌതമൻ എന്നു പേരായ ഒരു ബ്രാഹ്മണൻ പാൎത്തിരുന്നു. അവൻ വൃത്തിക്കു വകയില്ലാതെ വീടുതോറും നടന്നിരന്നുകൊണ്ടു നാടുമുഴുവനും സഞ്ചരിച്ചിരുന്ന കൂട്ടത്തിൽ ഒരിക്കൽ പടിഞ്ഞാറൻദിക്കിലും ചെന്നെത്തി. അവിടെ സമ്പൽസമൃദ്ധമായ ഒരു ഗ്രാമം കണ്ടെത്തുകയും അവൻ കൊതിയോടെ അതിലേയ്ക്കു കടന്നുചെല്ലുകയും ചെയ്തു. പക്ഷേ, അവിടെ ചെന്നപ്പോൾ ആ സുഭിക്ഷമായ ഗ്രാമത്തിൽ പാൎക്കുന്നവരെല്ലാം കാടരായ വേടരാണെന്നും ബ്രാഹ്മണരെ കണികാണ്മാൻപോലും അവിടെ കിട്ടുകയില്ലെന്നു അവന്നു മനസ്സിലായി. എങ്കിലും ഒഴിക്കാതെ ഗൌതമൻ കുറച്ചുകാലം അവിടെത്തന്നെ താമസിക്കേണമെന്നു തീൎച്ചപ്പെടുത്തി.

ആ ഗ്രാമത്തിനു ജാതധൎമ്മങ്ങൾ മുറയ്ക്കു ധരിച്ചവനും യാചിക്കുന്നവൎക്കു കൈനിറച്ചു കൊടുക്കുന്നവനും പൊളി പറയാതെ ജീവിക്കുന്നവനുമായ ഒരു ധനികനായ വേടൻ ഉണ്ടായിരുന്നു. ഗൌതമൻ അവന്റെ അടുക്കൽച്ചെന്നു തനിക്കു പാൎപ്പാൻ ഒരു പുരയും ഒരു കൊല്ലത്തേയ്ക്കു ചിലവിന്നുവേണ്ടതെല്ലും തന്നാൽ കൊള്ളാമെന്നപേക്ഷിച്ചു. വേടൻ വിപ്രന്നു ആവശ്യപ്പെട്ടതെല്ലാം ദാനംചെയ്തതിന്നു പുറമേ ചെറുപ്പക്കാരത്തിയായ ഒരു പെങ്കിടാവിനെ വിശേഷപ്പെട്ട പുടവകളോടും പണ്ടങ്ങളോടുംകൂടി അവന്നു കല്യാണം കഴിച്ചുകൊടുക്കുകയും ചെയ്തു. ഗൌതമൻ അതെല്ലാം സന്തോഷത്തോടെ വാങ്ങി പുതുതായി വേട്ട

വേടത്തിയോടുകൂടി ധനധാന്യസമൃദ്ധമായ ആ ഗ്രാമത്തിൽസുഖമായി താമസിച്ചു.

ബ്രാഹ്മണജാതിയിൽ ഉന്നതകുലത്തിൽ പിറന്ന ഗൌതമൻ, ജാതിധമ്മവും കുലധമ്മവും കൈവെടിഞ്ഞു ദുരാചാരങ്ങൾ ശീലിച്ചുതുടങ്ങി. അവൻ കൂട്ടകാരായ കാട്ടാളരൊന്നിച്ചു വേട്ടയാടുകയും കാട്ടിലുള്ള പക്ഷിമൃഗാദികളെയെല്ലാം കരുണകൂടാതെ കൊല്ലുകയും ചെയ്യും. അങ്ങനെ കുറേക്കാലം കഴിഞ്ഞപ്പോൾ അവന്നു പ്രാണിവധത്തിൽ പരിചയവും പാടവവും വദ്ധിച്ചുവെന്നുമാത്രമല്ല അതിൽ അത്യന്തമായ ആസക്തി ജനിക്കുകയുംകൂടി ചെയ്തു. ഒടുവിൽ ഒരു ദിവസമെങ്കിലും ജീവഹിംസചെയ്യാതെ കഴിച്ചുകൂട്ടുവാൻ അവന്നു കഴിയാതായി. ഇപ്രകാരം നീചസംസൎഗ്ഗംകൊണ്ടു നീചനായിച്ചമഞ്ഞ ബ്രാഹ്മണൻ കടുംപാപം ചെയ്തു കുടുംബം പോററിക്കൊണ്ട് ആ വേടർനാട്ടിൽ നെടുനാൾ വസിച്ചു.

ഇങ്ങനെയിരിക്കേ ഒരു ദിവസം ഗൌതമൻെറ നാട്ടുകാരനും സഹപാഠിയുമായിരുന്ന മറെറാരു ബ്രാഹ്മണൻ യദൃച്ഛയായി ആ വേടഗ്രാമത്തിൽ വന്നെത്തി. മറകളുടെ മറുകര കണ്ടിട്ടുള്ള ആ വിപ്രവൎയ്യൻ വേദവിഹിതങ്ങളായ സ്വാചാരങ്ങളിൽ വളരെ ശ്രദ്ധയുള്ളവനും ശുചിത്വംകുറഞ്ഞ കാട്ടാളർ തുടങ്ങിയ താണജാതിക്കാരോടുകൂടി കഴിയാത്തവനുമായിരുന്നു. അദ്ദേഹം വേടന്മാർ നിറഞ്ഞ ആ ഗ്രാമത്തിൽ എങ്ങാനും ബ്രാഹ്മണർ വല്ലവരും വസിക്കുന്നുണ്ടോ എന്ന് അന്വേഷിച്ചുംകൊണ്ടു പലേടത്തും ചുററിനടന്ന് ഒടുവിൽ സന്ധ്യയായപ്പോൾ ഗൌതമൻെറ ഗൃഹത്തിൽ ചെന്നുകയറി. ആ സമയത്തു ഗൌത

മൻ അവിടെയുണ്ടായിരുന്നില്ല. അവൻ വേട്ടയാടുവാനായി വനത്തിലേയ്ക്കു പോയിരിക്കയായിരുന്നു. അല്പനേരം കഴിഞ്ഞപ്പോഴേയ്ക്കും അടിമുതൽ മുടിവരെ ചോരയണിഞ്ഞ മലിനശരീരത്തോടുകൂടിയ ഒരുവൻ കൂരമ്പുകളെയ്തുകൊന്ന പറവകളുടെ മാംസച്ചുമടു പണിപ്പെട്ടു തലയിൽ ചുമന്നുംകൊണ്ടു കയ്യിൽ വില്ലുമായി അവിടെ വന്നു. അതു തൻെറ സഹപാഠിയായ ഗൌതമനാണെന്നു മനസ്സിലായപ്പോൾ ആ ദ്വിജസത്തമൻ വളരെ ലജ്ജിതനായി. ആ മാംസഭക്ഷകൻെറ ഗൃഹത്തിൽ ഒരു നേരമെങ്കിലും കഴിച്ചുകൂട്ടുവാൻ തനിക്കു സാധിക്കയില്ലെന്ന് അദ്ദേഹത്തിനു തോന്നി. എങ്കിലും ഗൌതമനോട് ഉപദേശിച്ചു പാപപൂൎണ്ണമായ അവൻെറ വൃത്തിയിൽനിന്നു പിന്തിരിപ്പിക്കുവാൻ ശ്രമിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അദ്ദേഹം അന്നുരാത്രി അവിടെത്തന്നെ താമസിപ്പാൻ മനസ്സുകൊണ്ടുറച്ചു.

ഗൌതമൻ ചുമടിറക്കി വിശ്രമിച്ചശേഷം അതിഥിക്കു സ്വാഗതം പറഞ്ഞ് അൎഘ്യപാദ്യാദികൾ കൊടുത്തു സല്ക്കരിച്ചു. എങ്കിലും പാപവൃത്തികൊണ്ടു തിണ്ടിയ ഗൌതമൻ കൊടുത്ത പദാൎത്ഥങ്ങളെ തൊടുവാൻകൂടി അദ്ദേഹം മടിച്ചു. അതിനാൽ അന്നുരാത്രി അദ്ദേഹം വിശന്നുവലഞ്ഞിരുന്നിട്ടും യാതൊന്നും ഭക്ഷിക്കയുണ്ടായില്ല. ഗൌതമൻ ആദരപൂൎവ്വം തയ്യാറാക്കിക്കൊടുത്ത ഭക്ഷണത്തെ തീരെ തിരസ്കരിച്ചുംകൊണ്ടു് അദ്ദേഹം പറഞ്ഞു.

അതിഥി—കഷ്ടം! ഗൌതമ, പരിശുദ്ധമായ ഒരു ബ്രാഹ്മണകുലത്തിൽ ജനിച്ച അങ്ങുന്ന് എങ്ങനെയാണ് ഈ പാപബഹുളമായ വൃത്തിയെ സ്വീകരിച്ചത്? വേദപാരംഗതന്മാരും ആചാരതല്പരന്മാരുമായ എത്ര മഹാന്മാ

രാണ് അങ്ങയുടെ കുലത്തിൽ മുമ്പുണ്ടായിട്ടുള്ളത്? അവ രുടെ ജനനംകൊണ്ടു പവിത്രമായിത്തീൎന്ന കുലത്തെ അ ങ്ങുന്നു കളങ്കപ്പെടുത്തുകയല്ലേ ചെയ്യുന്നത്? കുലമഹിമ യേയും പൂൎവ്വപുരുഷന്മാരുടെ പൂജ്യതയേയും വിചാരിച്ചി ട്ടെങ്കിലും അങ്ങുന്ന് ഈ പാപവൃത്തിയുപേക്ഷിച്ച് ഈ പ്രദേശം വിട്ടുപോകണം. തന്നെത്താനറിയാതെ ദുരാ ചാരത്തിൽ ചെന്നകപ്പെട്ട അങ്ങയുടെ സ്ഥിതി എനി ക്കുംകൂടി വളരെ വ്യസനമുണ്ടാക്കുന്നുണ്ട്.

സുഹൃത്തിൻെറ ഈ ഉപദേശം സശ്രദ്ധം കേട്ടിരുന്ന ഗൌതമൻ പശ്ചാത്താപത്തോടുകൂടി പറഞ്ഞു.

ഗൌതമൻ—അറിവില്ലായ്മകൊണ്ടും അൎത്ഥലോഭംകൊണ്ടു മാണു ഞാൻ ഈ പാപവൃത്തി കൈക്കൊണ്ടത്. അതു കൊണ്ടുണ്ടാവുന്ന ദോഷം ഇന്നതാണെന്ന് ഇപ്പോൾ എനിക്കു മനസ്സിലായി. ഇനിമേൽ ഞാൻ ഈ പ്രവൃ ത്തി തുടരുന്നതല്ല. ഞാനും നാളെ രാവിലെതന്നെ ഇവിടെനിന്നു പുറപ്പെട്ടേയ്ക്കാം. അങ്ങുന്ന് ഇന്ന് ഇവി ടെ വന്നുചേൎന്നതു വലിയ അനുഗ്രഹമായി.

പിറേറന്നാൾ പുലൎന്നപ്പോൾ ഗൌതമൻെറ സ്നേഹി തനായ അതിഥി സ്വദേശത്തേയ്ക്കു പുറപ്പെട്ടു. പാപി കൾ നിറഞ്ഞ ആ ശബരാലയത്തിൽ ഇനിമേൽ ഒരു നി മിഷനേരമെങ്കിലും താമസിക്കുന്നതല്ലെന്നുള്ള നിശ്ചയ ത്തോടുകൂടി ഗൌതമനും സ്വഗൃഹം വിട്ടിറങ്ങി. വ്യസനിച്ചു നിലവിളിക്കുന്ന ഭാൎയ്യയെ തിരിഞ്ഞുനോക്കുകകൂടി ചെ യ്യാതെ അവിടെനിന്നും പുറപ്പെട്ടു പടിഞ്ഞാറോട്ടു നടന്നു. കുറേദിവസം യാത്രചെയ്തശേഷം അവൻ ഒരു ദിവസം കടൽവഴിയായി അന്യരാജ്യങ്ങളിൽ സഞ്ചരിച്ചു കച്ച

വടംഭീചയ്യൂറ്നായി പശ്ചിമസമുദ്രത്തിലേയ്ക്കു പുറപ്പെട്ടിട്ടുള്ള ഒരു വലിയ വണിക്സംഘത്തെ കണ്ടെത്തി. സുഹൃത്തിൻെറ ഉപദേശംകൊണ്ടു ഗൌതമൻ പാപവൃത്തിയിൽനിന്നു പിൻവലിച്ചുവെന്നല്ലാതെ അവന്നു പണത്തിലുണ്ടായിരുന്ന കൊതി ലേശം കുറഞ്ഞിരുന്നില്ല. അതിനാൽ അവനും കടൽക്കച്ചവടക്കാരുടെ കൂട്ടത്തിൽകൂടി.

കച്ചവടക്കാൎക്കു കടലിലേയ്ക്കു പോകുംവഴിക്ക് ഒരു കൊടുങ്കാട്ടിൽകൂടി കടക്കേണ്ടിവന്നു. ആ കാട്ടിലുണ്ടായിരുന്ന കാട്ടാനകളിൽ ചിലതു മദംപൊട്ടി ത്തങ്ങുമിങ്ങും ഓടിക്കൊണ്ടിരുന്ന സമയത്താണ് അവർ കാട്ടിലെത്തിയതു്. കാലദോഷത്താൽ അവരുടെ കൂട്ടത്തിൽ അനേകം ആളുകളെ കാട്ടാനകൾ കുത്തിക്കൊന്നു. പേടിച്ചോടിയിരുന്ന അസംഖ്യം പേരിൽ ചിലൎക്കുമാത്രം രക്ഷപ്പെടുവാൻ തരമായി. അവരിലൊരുവനായിരുന്നു ഗൌതമൻ. ജീവനെ കൊതിച്ചോടിയിരുന്ന കച്ചവടക്കാർവേർതിരിഞ്ഞ് ഒറ്റയ്ക്കു ഓരോ വഴിക്കു് ഓടിയിരുന്ന കൂട്ടത്തിൽ ഗൌതമൻ വടക്കോട്ടാണു പോയതു്. വളരെ ദൂരം ഓടിനടന്ന ശേഷം അവൻ പടിഞ്ഞാറെ കടലിലേയ്ക്കു പോകുന്ന നല്ലൊരുവഴി കാണുകയും അതിൽകൂടി അല്പദൂരം നടന്നു മനോഹരമായ മറെറാരു വനത്തിൽ ചെന്നുചേരുകയും ചെയ്തു.

ആ രമ്യമായ അരണ്യത്തിൽ ദുഷ്ടമൃഗങ്ങളൊന്നും ഉണ്ടായിരുന്നില്ല. അവിടവിടെ പൂത്തുനില്ക്കുന്ന പാദപങ്ങളെക്കൊണ്ടു ശോഭിച്ചിരുന്ന ആ വിപിനത്തിൽ സുഖമാകുംവണ്ണം അടിച്ചുകൊണ്ടിരുന്ന സുഗന്ധിയായ മന്ദമാരുതൻ ഓടിത്തളൎന്ന ഗൌതമൻെറ ക്ഷീണമെല്ലാം ഒരു നിമിഷ

ത്തിൽ ഇല്ലാതാക്കി. അവൻ മനോജ്ഞങ്ങളായ പക്ഷിക ളുടെ മധുരമായ പാട്ടു കേട്ടുംകൊണ്ടു കുറേ ദൂരം ആ കാട്ടി ൽകൂടി നടന്നു വലിയൊരു ആൽമരത്തിൻെറ ചുവട്ടിൽ ചെന്നിരുന്നു.

വഴിനടന്നു വലഞ്ഞവൎക്കു വെയിൽകൊള്ളാതെ വിശ്രമിപ്പാനായി വലിയൊരു കുടപിടിച്ചതുപോലെ തഴ ച്ചുവളൎന്നു ഇലകൾ നിറഞ്ഞുനിന്നിരുന്ന ആ ആൽമര ത്തിൻെറ അടിയിൽ സൎവ്വാംഗങ്ങൾക്കും സുഖം നല്കുന്ന മന്ദപവനൻെറ ശീതളസ്പൎശമേറ്റു വിശ്രമിച്ചിരുന്ന ഗൌത മൻ അല്പംനേരം കഴിഞ്ഞപ്പോൾ അവിടെ കിടന്നുറങ്ങി പ്പോയി. അധികംതാമസിക്കാതെ ആദിത്യനും അസ്തമിച്ചു.

ആ മരത്തിൻെറ മുകളിൽ രാജധൎമ്മാവു് എന്നു പേ രായി ഒരു ബകരാജൻ പാൎത്തിരുന്നു. ആ പക്ഷിശ്രേഷ്ഠൻ കാശ്യപൻെറ പുത്രനായ ഒരു ദേവകന്യയുടെ ഉദരത്തിൽ ജനിച്ചവനും വളരെ അറിവുള്ളവനും ആയിരുന്നു. ബ്രഹ്മാ വിൻെറ സഖാവും കൂടിയായിരുന്ന ആ പക്ഷിരാജൻ, പലപ്പോഴും പതിവുള്ളതുപോലെ അന്നേദിവസവും ബ്രഹ്മാവിൻെറ സന്നിധാനത്തിലേയ്ക്കു പോയിരുന്നു. സന്ധ്യാസമയത്തു സ്വവാസത്തിലേയ്ക്കു മടങ്ങി എത്തിയ പ്പോൾ ഗൌതമൻ ഗാഢനിദ്ര അനുഭവിക്കുകയായിരുന്നു.

ഗൌതമൻ വളരെക്കാലം മുമ്പുതന്നെ ആചാരഭ്രഷ്ട നായിത്തീൎന്നുവെങ്കിലും ബ്രാഹ്മണരുടെ അടയാളങ്ങൾ മുഴു വനും അവൻ കളഞ്ഞിരുന്നില്ല. അതിനാൽ അവൻ ബ്രാ ഹ്മണനാണെന്നു രാജധൎമ്മാവു മനസ്സിലാക്കി. പക്ഷിരാജൻ അവനെ പതുക്കെ ഉണൎത്തി പറഞ്ഞു.

രാജധൎമ്മാവ് —അല്ലേ ബ്രാഹ്മണ, അങ്ങേയ്ക്കു സ്വാഗതം അങ്ങുന്ന് എന്റെ വാസസ്ഥലത്തിൽ അതിഥിയായി വന്നുചേൎന്നതു് എനിക്കു വലിയൊരു ഭാഗ്യമാണ്. നേരം സന്ധ്യയായി. ഇന്നു രാത്രി ഇവിടെ താമസിച്ച് എന്റെ ആതിഥ്യം സ്വീകരിച്ചു നാളെ രാവിലെ പോകാം. ഞാൻ ഒരു പക്ഷിയാണെങ്കിലും കശ്യപ പ്രജാപതിക്കു ദാക്ഷായണിയിൽ പിറന്ന പുത്രനാണ്.

ഇപ്രകാരം ആദരത്തോടുകൂടി അറിയിച്ച രാജധൎമ്മാവ് അതിഥിസല്ക്കാരത്തിന്നുള്ള ഒരുക്കങ്ങൾ ചെയ്തുതുടങ്ങി. കലശലായ വിശപ്പുകൊണ്ടും ദാഹംകൊണ്ടും വലഞ്ഞിരുന്ന ഗൌതമൻ ബകരാജന്റെ വിരുന്നു കൈക്കൊള്ളുവാനായി എഴുന്നേററിരുന്നു.

ഗംഗാനദിയിലെ ആഴമുള്ള പ്രദേശങ്ങളിൽ മുക്കുവന്മാരുടെ ഭയമില്ലാതെ വളരെക്കാലം വളൎന്നു തടിച്ച മാംസപുഷ്ടിയുള്ള മത്സ്യങ്ങളെ രാജധൎമ്മാവു ഭക്ഷണാൎത്ഥം പിടിച്ചുകൊണ്ടുവന്നു കൂട്ടിൽ ശേഖരിച്ചിട്ടുണ്ടായിരുന്നു. അവയെയാണ് അതിഥിക്കു ഭക്ഷിപ്പാനായി പക്ഷിരാജൻ വേണ്ടുവോളം കൊടുത്തതു്. ഭക്ഷണം കഴിഞ്ഞശേഷം അതിഥിക്കു തളൎച്ചതീൎക്കുവാനായി പക്ഷിരാജൻ വലുപ്പമേറിയ തന്റെ ചിറകുകൾകൊണ്ടു കുറച്ചുനേരം വീശിക്കൊണ്ടിരുന്നു. അതിന്റെശേഷം അതിഥിക്കു കിടപ്പാനായി പൎണ്ണങ്ങൾകൊണ്ടും പുഷ്പങ്ങൾകൊണ്ടും ഒരു ശയ്യ ഉണ്ടാക്കിക്കൊടുത്തു.

മത്സ്യങ്ങൾ വേണ്ടുവോളം ഭക്ഷിച്ചു പൂമണമുള്ള മൃദുശയ്യയിൽ സുഖമായി കിടന്ന ഗൌതമനോടു രാജധൎമ്മാവു ചോദിച്ചു.

രാജധൎമ്മാവു—അല്ലേ ബ്രാഹ്മണസത്തമ, അങ്ങയുടെ പേർ എന്താണ്? അങ്ങയുടെ ഗോത്രം ഏതാണ്? എന്തിനായിട്ടാണ് അങ്ങുന്നു് ഈ വഴിക്കു വന്നതു്?

ഗൌതമൻ—എന്റെ പേർ ഗൌതമൻ എന്നാണ്. പണം സമ്പാദിപ്പാനുള്ള മോഹംകൊണ്ടു കടലിൽപോയി കച്ചവടം ചെയ്യാനായിട്ടാണ് ഈ വഴിക്കു പുറപ്പെട്ടതു്.

രാജധൎമ്മാവു്—അങ്ങനെയാണെങ്കിൽ യാതൊരു പ്രയാസവുംകൂടാതെ അങ്ങയ്ക്കു പണം കിട്ടുവാനുള്ള വഴി ഞാൻ പറഞ്ഞുതരാം. സുഖമായി കിടന്നുറങ്ങിക്കൊള്ളുക. നാളെ രാവിലെ നാലുകാതം വഴി നടക്കുകമാത്രം ചെയ്താൽ വേണ്ടുവോളം പണം വാങ്ങി നാട്ടിലേയ്ക്കു തന്നെ മടങ്ങാം.

ഇത്രമാത്രം പറഞ്ഞു രാജധൎമ്മാവു നിത്യകൃത്യങ്ങൾ നടത്തുവാൻ പോയി. പിറേറദിവസം പ്രഭാതസമയമടുത്തപ്പോൾ ബകരാജൻ ബ്രാഹ്മണന്റെ അടുക്കൽ വീണ്ടും ചെന്നു പറഞ്ഞു.

രാജധൎമ്മാവു്—ഇവിടെനിന്നു നാലുകാതം വഴി വടക്കോട്ടുപോയാൽ വിരൂപാക്ഷൻ എന്നു പേരായ ഒരു രാക്ഷസന്റെ ഗൃഹം കാണാം. ആ രാക്ഷസൻ എന്റെ സ്നേഹിതനാണ്. അങ്ങുന്നു അദ്ദേഹത്തിന്റെ അടുക്കൽ പോയി ഞാൻ അയച്ച ആളാണെന്നറിയിക്കുക. എന്നാൽ അങ്ങയ്ക്കു് ആവശ്യമുള്ളേടത്തോളം പണം അദ്ദേഹം തരും.

ഗൌതമൻ സന്തോഷത്തോടെ യാത്രപറഞ്ഞു പുറപ്പെട്ടു. അവൻ ചന്ദനവൃക്ഷങ്ങൾ നിറഞ്ഞുനില്ക്കുന്ന തണലുള്ള കാട്ടുവഴിയിൽകൂടി തളച്ചതട്ടാതെ നടന്നു മേരുവ്രജം

എന്നു് പേരുള്ള പൎവ്വതത്തിലെത്തി. വിശപ്പു ശമിപ്പിപ്പാനായി അമൃതമധുരങ്ങളായ ഫലങ്ങൾ തിന്നുകൊണ്ടു് അവൻ ഒരു ചന്ദനമരത്തിൻെറ ചുവട്ടിൽ ഇരുന്നു. അപ്പൊഴെക്കും ആ പൎവ്വതത്തിൻെറ കൊടുമുടിയിൽ വസിച്ചിരുന്ന രാക്ഷസൻ, ഗൌതമൻ വരുന്ന വിവരം മനസ്സിലാക്കി അവനെ എതിരേററു കൂട്ടിക്കൊണ്ടുവരുവാനായി ഭൃത്യന്മാരായ രാക്ഷസന്മാരെ ആജ്ഞാപിച്ചയച്ചു. അവർ ഗൌതമനെ ആദരപുരസ്സരം എതിരേററു രാക്ഷസസന്നിധാനത്തിലേക്കു നയിച്ചു.

ബ്രാഹ്മണഭക്തനായ വിരൂപാക്ഷൻ ഗൌതമന്നു് സ്വാഗതം പറഞ്ഞു് അൎഘ്യപാദ്യാദികൾ കൊടുത്തു പൂജിച്ചു കുശലപ്രശ്നം ചെയ്തു. ഗൌതമൻ വിപ്രവൃത്തിവിഹീനനും ശബരകന്യയെ വേട്ടവനുമാണെന്നു കേട്ടപ്പോൾ വിരൂപാക്ഷന്നു് അവൻെറ പേരിൽ കുറച്ചൊരു വെറുപ്പുതോന്നി. എങ്കിലും ജാതികൊണ്ടു ബ്രാഹ്മണനായ അവൻ സ്വസുഹൃത്തായ രാജധൎമ്മാവിനാൽ അയക്കപ്പെട്ടവനാണല്ലോ എന്നുമാത്രം വിചാരിച്ചു് അവനെ യഥാവിധി സല്ക്കരിച്ചു.

അന്നേദിവസം വിരൂപാക്ഷൻെറ ഗൃഹത്തിൽ വലിയൊരു സദ്യയായിരുന്നു. അകലെയുള്ള പല നാടുകളിൽ നിന്നും അനേകായിരം ബ്രാഹ്മണർ അവിടെ വന്നുകൂടിയിരുന്നു. അവരെയെല്ലാം യോഗ്യതയ്ക്കൊത്തവണ്ണം പൂജിച്ചു പ്രസാദിപ്പിപ്പാൻ വേണ്ടുന്ന ഏൎപ്പാടുകളെല്ലാം അവിടെ ചെയ്യപ്പെട്ടിരുന്നു. ദരിദ്രന്മാരും ദ്രവ്യാൎത്ഥികളുമായ ദ്വിജന്മാൎക്കു ദാനങ്ങൾ കൊടുപ്പാനും രാക്ഷസൻ ഏൎപ്പാടുചെയ്തിട്ടുണ്ടായിരുന്നു.

പ്രാതഃസ്നാനംചെയ്തു രാക്ഷസൻ നല്കിയ പുത്തൻ പട്ടുടുത്തു പ്രഭാതകർമ്മങ്ങൾ നടത്തിയശേഷം ഭോജനത്തിനു തയ്യാറായ ബ്രാഹ്മണരെ വിരൂപാക്ഷൻ യഥാർഹങ്ങളായ ആസനങ്ങളിലിരുത്തി വിവിധങ്ങളായ ഭക്ഷണങ്ങൾ വേണ്ടുവോളം കൊടുത്തു ഭുജിപ്പിച്ചു തൃപ്തിപ്പെടുത്തി. അതിന്റെ ശേഷം അവൎക്കു മാണിക്യം, മരതകം മുതലായ രത്നങ്ങളും സുവൎണ്ണവും ധാരാളം ദാനംചെയ്തു. ഗൌതമൻ രാജധൎമ്മാവിനാൽ അയയ്ക്കപ്പെട്ടവനാണെന്നു വിചാരിച്ചു് അവന്നു ദക്ഷിണയ്ക്കു പുറമെ, ആവശ്യമുള്ളേടത്തോളം ധനം ഇഷ്ടംപോലെ എടുത്തുകൊള്ളുവാൻ രാക്ഷസൻ അനുവാദംകൊടുത്തു. ഗൌതമൻ അവന്നു ചുമക്കുവാൻ കഴിയുന്നേടത്തോളം രത്നങ്ങളും സുവൎണ്ണവും എടുത്തു. നാനാദേശങ്ങളിൽനിന്നു വന്ന വിപ്രന്മാരെല്ലാവരും അവരവരുടെ ഗൃഹങ്ങളിലേയ്ക്കു തിരികെ പുറപ്പെട്ടു. ഗൌതമനും വന്ന വഴിക്കുതന്നെ മടങ്ങുവാൻ നിശ്ചയിച്ചു രാജധൎമ്മാവു പാൎത്തിരുന്ന സ്ഥലത്തേയ്ക്കു പുറപ്പെട്ടു.

അസ്തമനസമയം അടുത്തപ്പോൾ ഗൌതമൻ സ്വൎണ്ണഭാരം ചുമന്നുംകൊണ്ടു രാജധൎമ്മാവിന്റെ വാസസ്ഥലത്തിലെത്തി. വഴിനടന്നിട്ടും ചുമടെടുത്തിട്ടും വളരെ തളൎന്നിരുന്ന അവൻ രാജധൎമ്മാവിന്റെ ആതിഥ്യം സ്വീകരിച്ചു വിശ്രമിച്ചു. രാത്രിഭക്ഷണം കഴിച്ചു കിടന്നപ്പോൾ ഗൌതമന്റെ മനസ്സിൽ ഇപ്രകാരം ഒരു വിചാരം കടന്നുകൂടി:—'ഈ സ്വൎണ്ണഭാരം ചുമന്നുകൊണ്ടു ഇനിയും വളരെ ദൂരം കാട്ടിൽകൂടി പോകണമല്ലോ. വഴിക്കു ഭക്ഷണം കിട്ടുന്നതു് അസാദ്ധ്യംതന്നെ. ഇവിടെനിന്നുതന്നെ ആഹാരത്തിനു വേണ്ടതു വല്ലതും കരുതി കൈയിലെടുക്കാതിരു

ന്നാൽ നാട്ടിലേക്കു എത്തുവാൻ പ്രയാസപ്പെട്ടും. എന്താണു വേണ്ടതു്?'

കുറേനേരം ആലോചിച്ചപ്പോൾ ഗൌതമന്നു് ഒരു പായം തോന്നി. അവൻ പതുക്കെ എഴുന്നേററു രാജധമ്മാവു കിടന്നിരുന്ന സ്ഥലത്തു ചെന്നു നോക്കി. ഗൌതമന്റെ ആഗ്രഹം സാധിപ്പിച്ചുകൊടുത്തതുകൊണ്ടു കൃതാത്ഥനായ ആ പക്ഷിരാജൻ സുഖമായി ഉറങ്ങിക്കൊണ്ടിരുന്നു. സമീപത്തിൽ അതിഥിക്കു ഭക്ഷണം പാകംചെയ്യാനും ശീതബാധ തീക്കുവാനുമായി ജ്വലിപ്പിച്ചിരുന്ന അഗ്നി കെട്ടുപോകാതെ കത്തിക്കൊണ്ടിരുന്നു. ഗൌതമൻ ഇങ്ങനെ വിചാരിച്ചു: 'നല്ലതരം, ഈ പക്ഷിയെ കൊന്നു മാംസം പാകം ചെയ്തു കൊണ്ടുപോകാം. എന്നാൽ വഴിക്കു ഭക്ഷണം വേറെ അന്വേഷിക്കേണ്ട. ഇപ്രകാരം നിശ്ചയിച്ചു് ആ കൃതഘ്നൻ കത്തുന്ന കടക്കൊള്ളിയെടുത്തു സുപ്തനായ സുഹൃത്തിനെ ദഹിപ്പിച്ചു കൊന്നുകളഞ്ഞു. പിന്നീടു് ആ പാപി ബകപതിയുടെ മൃതശരീരത്തെ തിയ്യിലിട്ടു നന്നായി വേവിച്ചു തിന്മാൻ തക്കവണ്ണം തയ്യാറാക്കിവെച്ചു. നേരം പുലരുന്നതിനു മുമ്പായി അവൻ സ്വർണ്ണഭാരത്തോടുകൂടി പക്ഷിമാംസവും ചുമന്നുകൊണ്ടു കാശ്യപവസതി വിട്ടു പുറപ്പെട്ടു കാട്ടിൽകൂടി യാത്രതുടന്നു.

ഇങ്ങനെയിരിക്കെ, രാക്ഷസരാജാവായ വിരൂപാക്ഷൻ രാജധമ്മാവിന്റെ പതിവുപ്രകാരമുള്ള വരവു കാണാതെ പരിഭ്രമിച്ചു ഭൃത്യന്മാരെ വിളിച്ചുപറഞ്ഞു:

വിരൂപാക്ഷൻ—എന്റെ പ്രിയമിത്രമായ പക്ഷിരാജൻ പതിവുപോലെ ഇന്നു വന്നു കാണ്മാനില്ല! അതിന്റെ കാരണം എന്താണെന്നു നിങ്ങൾ പോയി അറിഞ്ഞു

വരണം. ഒരുനാളും മുട്ടാതെ വരാറുള്ള രാജധൎമ്മാവു് ഇന്നു വന്നുകാണാത്തതുകൊണ്ടു് എനിക്കു പല സംശയങ്ങളും തോന്നുന്നുണ്ടു്. ദുരാചാരനായ ആ ദ്വിജൻ ആ വഴിക്കാണു പോയിട്ടുള്ളതു്. അവൻ ദേഹസംധാരണത്തിന്നായി വല്ല ദാരുണകൃത്യവും ചെയ്വാൻകൂടി മടിക്കുന്നവനല്ല. അതുകൊണ്ടു നിങ്ങൾ വേഗം പോവുക.

രാക്ഷസകിങ്കരന്മാർ അതിവേഗത്തിൽ രാജധൎമ്മാവിന്റെ വാസസ്ഥലത്തെത്തി. അവിടെ ബകരാജന്റെ അസ്ഥികൾ മാത്രമെ അവർ കണ്ടുള്ളു. ഗൌതമൻ പക്ഷിയെ കൊന്നു മാംസവും കൊണ്ടുപോയിട്ടുണ്ടാവണമെന്നു് അവർ നിശ്ചയിച്ചു് അവനെ അന്വേഷിച്ചുംകൊണ്ടു് അവൻ പോയവഴിക്കുതന്നെ നടന്നു. ഭാരം ഇരട്ടിച്ചതുകൊണ്ടു വേഗത്തിൽ നടപ്പാൻ കഴിയാതെ കഷ്ടിച്ചിരുന്ന ആ കശ്മലനെ കണ്ടെത്തുവാൻ അവൎക്കു വളരെ നേരം വേണ്ടിവന്നില്ല. താമസംകൂടാതെ അവർ ഗൌതമനെ മാംസച്ചുമടോടുകൂടി അക്ഷരാജന്റെ മുമ്പിൽ കൊണ്ടുപോയി നിൎത്തി വിവരങ്ങളെല്ലാം അറിയിച്ചു.

ബന്ധുനാശംകൊണ്ടു ദുഃഖിതനും കൃതഘ്നനെ കണ്ടു കോപംപൂണ്ടവനുമായ വിരൂപാക്ഷൻ കിങ്കരന്മാരോടു് ഇങ്ങനെ കല്പിച്ചു:— 'ഈ ദുഷ്ടൻ വധാൎഹനാണു്. മാംസലോഭംനിമിത്തം സുഹൃദ്വധം ചെയ്ത ഈ നരാധമനെ കൊന്നു് അവന്റെ മാംസം രാക്ഷസന്മാർ തിന്നുകൊള്ളട്ടെ' രാക്ഷസാധിപൻ ഇങ്ങനെ പറഞ്ഞിട്ടും നരമാംസപ്രിയന്മാരായ നിശാചരന്മാർ ആ പാപിയുടെ മാംസം ഭക്ഷിപ്പാൻ ഇഷ്ടപ്പെട്ടില്ല. ഒടുവിൽ അവനെ വെട്ടിക്കൊന്നു അവന്റെ മാംസം മുറിച്ചു കാട്ടുമൃഗങ്ങൾക്കു ഇട്ടുകൊ-

ടുപ്പാൻ വിരൂപാക്ഷൻ ആജ്ഞാപിച്ചു. പക്ഷേ അപ്ര കാരം ചെയ്യപ്പോൾ കാട്ടുമൃഗങ്ങൾ അതു തിന്നില്ലെന്നല്ല തൊട്ടുകപോലും ചെയ്തില്ല.

വിരൂപാക്ഷൻ സ്വസഖാവായ ബകരാജൻെറ ശരീ രാവശേഷങ്ങളെ ആനയിപ്പിച്ച് അവയെ യഥായോഗ്യം ദഹിപ്പിക്കുവാനായി ചന്ദനമരംകൊണ്ടു ഒരു ചിത നിൎമ്മിച്ചു. രാജധൎമ്മാവിൻെറ ശരീരം ചിതയിൽ കിടന്നു ദഹിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ആകാശത്തിൽ നിന്ന് അമൃതവൎഷം ഉണ്ടാവുകയും ചുട്ടടത്തീയിൽനിന്നു പക്ഷിരാജൻ ജീവനോടുകൂടി പൊന്തിവരികയും ചെയ്തു. അപ്പോഴെയ്ക്കും ബ്രഹ്മാവിനാൽ അയക്കപ്പെട്ട ദേവേന്ദ്രൻ ദേവകളോടുകൂടി അവിടെ വന്നു, പുനൎജ്ജാതനായ പക്ഷി രാജൻ കേട്ടുനില്ക്കേ, വിരൂപാക്ഷനോടു ഇപ്രകാരം പറ ഞ്ഞു:—'ബ്രഹ്മാവിൻെറ ശാപംകൊണ്ടാണു ഈ ബകരാ ജന്ന് ഇപ്രകാരം ഒരു മരണം സംഭവിച്ചതു്. അദ്ദേഹ ത്തിൻെറ ആജ്ഞയെ അനുസരിച്ചുതന്നെയാണു ഞങ്ങൾ അമൃതവൎഷം ചെയ്തു് അവനെ ജീവിപ്പിച്ചതും. രാജധൎമ്മാ വിൻെറ ആയുസ്സു ഒടുങ്ങീട്ടില്ല. പാംസുലനായ ഗൌതമ നാൽ കൊല്ലപ്പെടുവാൻ തക്കവണ്ണമുള്ള കടുംപാപ മൊന്നും അവൻ ചെയ്തിട്ടുമില്ല.

ഇപ്രകാരം അറിയിച്ചപ്പോൾ ശാപവൃത്താന്തം വിസ്തരിച്ചു പറഞ്ഞുകേട്ടാൽ കൊള്ളാമെന്നു രാജധൎമ്മാവു ഇന്ദ്രനോടു അപേക്ഷിക്കുകയും ഇന്ദ്രൻ പറയുകയും ചെയ്തു. അതിൻെറശേഷം രാജധൎമ്മാവു് ദേവരാജനെ പ്രണമിച്ചും കൊണ്ടു പ്രാൎത്ഥിച്ചു:—'എൻെറ സഖാവായ ഗൌതമനെ

ക്കൂടി അമൃതം തളിച്ചു ജിവിപ്പിക്കുവാൻ അവിടുന്നു ദയവു വിചാരിക്കണം."

രാജധൎമ്മാവിൻെറ അഭിലാഷം സാധിപ്പിച്ചുകൊടുക്കാമെന്നു ദേവരാജൻ സമ്മതിച്ചു. മൃഗങ്ങൾപോലും തൊടാതെ കിടന്നിരുന്ന ഗൌതമൻെറ മാംസഖണ്ഡങ്ങളിൽ അമൃതബിന്ദുക്കൾ പതിച്ചപ്പോഴയ്ക്കും പാപികളിൽ അഗ്രഗണ്യനായ ആ പുരുഷാധമൻ വീണ്ടും ജീവനോടുകൂടി എഴുന്നേററു. പക്ഷെ പൂൎവ്വജന്മാൎജ്ജിതങ്ങളായ പാപങ്ങൾ അപ്പോഴും അവനെ വിട്ടുപിരിഞ്ഞിരുന്നില്ല. അമൃതത്തിന്നു മരിച്ചവരെ ജിവിപ്പിക്കുവാൻ ശക്തിയുണ്ടെന്നല്ലാതെ പാപികളെ പരിശുദ്ധന്മാരാക്കാൻ കഴിവുള്ളതായി കേട്ടിട്ടുണ്ടോ?

ശുഭമസ്തു.

## ഏ. പദാൎത്ഥവിവരണം.

ഭാഗം. വരി

4 17. വേദാശാസ്ത്രാദികൾ — നാലു വേദങ്ങൾ, ആറു ശാസ്ത്രങ്ങൾ, അറുപത്തിനാലു കലാവിദ്യകൾ എന്നിവ.

15 21. ഋക്കുകൾ — ഛന്ദോമയങ്ങളായ ദേവസ്തുതികൾക്കാണു ഋക്കുകൾ എന്ന പേർ കൊടുത്തിട്ടുള്ളതു്.

18 17. പരശുരാമൻ — പരശുരാമൻ ചിരഞ്ജീവികളിൽ ഒരുവനാണു്. അദ്ദേഹം എന്നും മഹാമേരുവിന്റെ മുകളിൽ തപസ്സുചെയ്തുകൊണ്ടിരിക്കുമെന്നാണു പൌരാണികന്മാർ പറയുന്നതു്.

28 4. മഹാസത്രം — ദീൎഘകാലംകൊണ്ടു നടത്തേണ്ടുന്നതായ യാഗം.

33 20. ഗംഗാനദിയും — ഗംഗയും യമുനയും കൂടിച്ചേരുന്ന സ്ഥലത്തിനു പ്രയാഗ എന്നാണു പണ്ടത്തെ പേർ. ആ പ്രദേശത്താണു് അലഹബാദ് പട്ടണം നിൎമ്മിക്കപ്പെട്ടിട്ടുള്ളതു്.

37 4. ഭീനാരം — പണ്ടുകാലത്തു ഇന്ത്യയിൽ നടപ്പുണ്ടായിരുന്ന സ്വൎണ്ണനാണ്യങ്ങളിൽ ഒന്നു്.

42 13. മൌനവ്രതം — ആരോടും ഒന്നും സംസാരിക്കുകയില്ലെന്നുള്ള നിയമം. മുനിജനങ്ങൾ ഈ വ്രതം സ്വീകരിക്കുന്നതു സാധാരണയായിരുന്നു.

47 15. അനശനവ്രതം — യാതൊരു സാധനവും ഭക്ഷിക്കുകയില്ലെന്നുള്ള നിയമം. ഈ നിയമത്തെ ചിലർ മരണപൎയ്യന്തം അനുഷ്ഠിക്കാറുണ്ടായിരുന്നു. അതിനു പ്രായോപവേശം എന്നാണു പേർ പറയുക.

47 20. ശുകബ്രഹ്മർഷി—ശ്രീശുകൻ എന്നുകൂടി പേരായുള്ള ഒരു ഋഷിവര്യൻ വ്യാസന്റെ പുത്രനാണു്. അദ്ദേഹം കുട്ടിക്കാലത്തുതന്നെ സന്യസിച്ചു.

47 21. കൃഷ്ണാവതാരം—വിഷ്ണുവിന്റെ ഒമ്പതാമത്തെ അവതാരം.

## ബി. വാക്യരചനാഭ്യാസം.

I. പണ്ടുകാലത്തു് ആശ്രമത്തിൽ പഠിച്ചിരുന്ന ഒരു കുട്ടിയുടേയും ഇക്കാലത്തു പാഠശാലയിൽ വായിക്കുന്ന ഒരു കുട്ടിയുടേയും ജീവിതരീതിയിലുള്ള ഭേദത്തെ വിവരിച്ചെഴുതുക.

II. കർമ്മാനുഷ്ഠാനം, ധർമ്മസംരക്ഷണം എന്നിവ ആരുടെ കർത്തവ്യമാണെന്നാണു് ഈ പുസ്തകത്തിൽനിന്നു മനസ്സിലാകുന്നതു്? ഇക്കാലത്തു് അതു രണ്ടും നടത്തുന്നതു് ആരാണു്.

III. പ്രജകൾ ചെയ്യുന്ന പാപത്തിനു രാജാവു് ഉത്തരവാദിയാണെന്നു ച്യവനന്റെ കഥയിൽ പറഞ്ഞിട്ടുണ്ടു്. അതെങ്ങിനെ?

IV. ശിബിയും ച്യവനനും സമസൃഷ്ടിസ്നേഹമുള്ളവരാണു്. ഗൌതമനു് ആ ഗുണം ലവലേശം ഇല്ല. അങ്ങിനെ വരുവാനുള്ള കാരണം എന്തു്?

V. താഴെ പറയുന്നവയെ വിവരിച്ചെഴുതുക.

1. പുരാതനരീതിയിലുള്ള അതിഥിസൽക്കാരക്രമം.
2. തപസ്സ് അനുഷ്ഠിക്കുന്ന സമ്പ്രദായം.,

VI. ഒരു തപോധനനെ, കഴിയുന്നവിധത്തിൽ വർണ്ണിക്കുക.

Printed at the Vidya Vinodini Press; Trichur.

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. MF9 SUB-P Acc. No. 3995

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

MF9
SUB-P

3995

സുബ്ബരാമപട്ടർ - പി. എസ്

പുരാണകഥകൾ